VOL NO: 07 | ISSUE 44
www.nerpatham.com
mail@nerpatham.com
2023 NOVEMBER 04 | ₹10

# നേർപഥം

വാരിക



# സി.എം മടവൂരിന്റെ മതവിരുദ്ധ ചെയ്തികളും കുരുക്കിലായ സമസ്തയും

അതിരുകടന്ന ആത്മപ്രശംസയിലൂടെയും അന്ധമായ അപദാനങ്ങളിലൂടെയും വ്യക്തികളെ വിഗ്രഹവൽക്കരിച്ചാണ് പൗരോഹിത്യം എക്കാലവും വിശ്വാസികളെ ചൂഷണം ചെയ്തുകൊണ്ടിരുന്നത്. വ്യക്തിസമത്വത്തിന്റെ സന്ദേശവുമായി കടന്നുവന്ന ഇസ്‌ലാമാകട്ടെ, ഈ രംഗത്ത് കണിശമായ നിർദേശങ്ങൾ മാത്രമല്ല കൃത്യമായ വിലക്കുകൾ നൽകുക കൂടി ചെയ്തു. എന്നിട്ടും സ്രഷ്ടാവിനോളം പോന്ന 'സൃഷ്ടിമാഹാത്മ്യ'ങ്ങളാണ് സമസ്തയുടെ ലേബലിൽ ഇന്ന് കഥകളായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

## കളമശ്ശേരി; ബോംബിന്റെ പുകയെ വെല്ലുന്ന പകയുടെ പുക

|| കാപട്യത്തിലേക്കുള്ള നാലു വാതിലുകൾ
|| മുഹമ്മദ് നബി(സ്വ)യുടെ ആഗമനവും യഹൂദരും
|| ഗാസയിലെ വംശഹത്യയും അഴിഞ്ഞുവീഴുന്ന മുഖംമൂടികളും

## ഹുസൈൻ സലഫിയുടെ പ്രകാശം പരത്തിയ പ്രവാചകന്മാർ എന്ന പുസ്തക പരമ്പരയിലെ 830 രൂപ വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും 622 രൂപക്ക്




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478


WISDOM BOOKS

**PUBLISHING | DISTRIBUTION**

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478




### പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

yono SBI | SBI Payments

MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

**SCAN & PAY**

BHIM SBI Pay
BHIM UPI

0354
നേർപഥം
വാരിക
2023 നവംബർ 04
1445 റ.ആഖിർ 20
പുസ്തകം 07 / ലക്കം 44




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





മുഖമൊഴി
കളമശ്ശേരി; ബോംബിൻെറ
പുകയെ വെല്ലുന്ന
പകയുടെ പുക 05

ലേഖനം
26 മുഹമ്മദ് നബി(സ്വ)യുടെ
ആഗമനവും യഹൂദരും
ഇ.യൂസുഫ് സാഹിബ് നദുവി
ഓച്ചിറ

ലേഖനം
'വഹ്‌യി'നെ തള്ളിപ്പറയുന്ന
'പ്രവാചകൻ!'
പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ 06

നമുക്കുചുറ്റും
30 ഗാസയിലെ വംശഹത്യയും
അഴിഞ്ഞുവീഴുന്ന
മുഖംമൂടികളും
ഡോ.അബ്ദുല്ല
ബാസിൽ സി.പി

ലേഖനം
സൃഷ്ടിപ്പ്:
മതം പറയുന്നത്; ശാസ്ത്രവും
ഡോ. ഷാനവാസ് യു.എസ്.എ 18

ക്വുർആൻ ദർശനം
32 സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

ലേഖനം
കാപട്യത്തിലേക്കുള്ള
നാലു വാതിലുകൾ
മുഹമ്മദ് സിയാദ് കണ്ണൂർ 23

നിയമപഥം
34 പൊലീസിന്റെ
കർത്തവ്യങ്ങൾ
അബൂ ആദം അയ്മൻ





# ദഅ്‌വ ചരിത്രത്തിലെ നാഴികക്കല്ലായി വനിത ദാഈ സംഗമം സമാപിച്ചു

മലപ്പുറം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പണ്ഡിത സഭയായ ലജ്‌നത്തുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ സ്ത്രീകൾക്ക് മാത്രമായി സംഘടിപ്പിച്ച ദഅ്‌വ ക്യാമ്പ് സമാപിച്ചു. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ആകർഷകമായ രീതിയിൽ അണിയിച്ചൊരുക്കി സമൂഹത്തിൽ പ്രചരിപ്പിക്കുവാൻ ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്ന, മൊബൈൽ ഫോണും ഇന്റർനെറ്റും സാമൂഹ്യമാധ്യമങ്ങളും മുഖേനയുണ്ടാകുന്ന കുടുംബ ശൈഥില്യങ്ങളും സ്വഭാവദൂഷ്യങ്ങളും പെരുകിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് അത്തരം വിനാശ ഗർത്തങ്ങളിൽ വീണുപോകാതിരിക്കാൻ സ്ത്രീസമൂഹത്തെ ബോധവതികളാക്കേണ്ടതുണ്ട്. അതിന് സ്ത്രീകൾതന്നെ മുന്നിട്ടിറങ്ങിയാൽ കൂടുതൽ ഗുണഫലങ്ങളുണ്ടാകുമെന്നതിൽ സംശയമില്ല. ഈയൊരു ലക്ഷ്യത്തോടെയാണ് തെരഞ്ഞെടുക്കപ്പെട്ട വനിതകൾക്കായി ദഅ്‌വ ക്യാമ്പ് സംഘടിപ്പിച്ചത്.

പാണക്കാട് ജാമിഅ ലേഡീസ് ക്യാമ്പസിൽ നടന്ന സംഗമം ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി ഉദ്ഘാടനം ചെയ്തു. ലജ്‌ന ചെയർമാൻ കുഞ്ഞുമുഹമ്മദ് മദനി അധ്യക്ഷനായിരുന്നു. 'മതപഠനം സുരക്ഷയ്ക്ക്' എന്ന വിഷയത്തിൽ ശബീബ് സ്വലാഹിയും 'അക്വീദയും മൻഹജും' എന്ന വിഷയത്തിൽ ഹംസ മദീനിയും 'സുന്നത്തും മുബ്തദിഉകളും' എന്ന വിഷയത്തിൽ ശമീർ മദീനിയും 'ദഅ്‌വത്തും പ്രബോധകരും' എന്ന വിഷയത്തിൽ അബൂബക്കർ സലഫിയും ക്ലാസെടുത്തു. സംഘടനാ സെഷന് വിസ്ഡം ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് നേതൃത്വം നൽകി. ഹാരിസ് ഇബ്‌നു സലീം സമാപന പ്രസംഗം നടത്തി. ലജ്‌ന കൺവീനർ ശമീർ മദീനി സ്വാഗതവും ഹംസ മദീനി നന്ദിയും പറഞ്ഞു.

# 'ഗസ്സ: യുഎൻ രക്ഷാ സമിതി ഇടപെടണം' വിസ്ഡം നാഷണൽ ഡെലിഗേറ്റ്സ് മീറ്റ്

മിനി ഊട്ടി: യുദ്ധനിയമങ്ങൾ പോലും കാറ്റിൽ പറത്തി ഗസ്സയിൽ ഇസ്രായേൽ നടത്തുന്ന ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ഐക്യരാഷ്ട്ര രക്ഷാസമിതിയും രാഷ്ട്ര നേതാക്കളും പ്രതികരിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറം മിനി ഊട്ടിയിൽ സംഘടിപ്പിച്ച നാഷണൽ ഡെലിഗേറ്റ്സ് മീറ്റ് ആവശ്യപ്പെട്ടു. യുദ്ധക്കെടുതിയിൽ അകപ്പെട്ട പിഞ്ചുകുഞ്ഞുങ്ങൾ അടക്കമുള്ള നിരാലംബർക്കുള്ള അടിയന്തിര സഹായങ്ങൾ തടഞ്ഞുവെക്കുന്ന ഇസ്രായേൽ നടപടികൾ തികച്ചും മനുഷ്യത്വരഹിതമാണ്. രാജ്യത്തിന്റെ പിന്നോക്ക ന്യൂനപക്ഷ പ്രദേശങ്ങളിലെ വിദ്യാഭ്യാസപരമായ ഉയർച്ചക്കും പുരോഗതിക്കും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്രസർക്കാർ തയ്യാറാവണമെന്നും മീറ്റ് അഭിപ്രായപ്പെട്ടു. വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. എം അബ്ദുറഹിമാൻ മദനി അധ്യക്ഷത വഹിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി, സംസ്ഥാന സെക്രട്ടറി സി.പി സലീം, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് ഷഹബാസ് കെ അബ്ബാസ്, ഹാരിസ് ബിൻ സലീം, അബ്ദുൽ മാലിക് സലഫി, ഡോ. പി.എൻ ഷബീൽ, അബ്ദുറഷീദ് കൊടക്കാട്ട്, ഡോ. മുഹമ്മദ് റഫീഖ്, അൻഫസ് മുക്രം, പി.യു സുഹൈൽ എന്നിവർ സംസാരിച്ചു ബാംഗ്ലൂർ, മൈസൂർ, ട്രിച്ചി കോയമ്പത്തൂർ, മംഗലാപുരം, ഉദുമൽ പേട്ട്, ത്രിപുര, ചെന്നൈ, പോണ്ടിച്ചേരി, ഹൊസൂർ, കുടക് തുടങ്ങിയ റീജനറുകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. വിസ്ഡം സംസ്ഥാന സെക്രട്ടറി ടി.കെ അഷ്‌റഫ്, വൈസ് പ്രസി. കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ, സി.പി സലീം, അബ്ദുറഷീദ് കൊടക്കാട്ട് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

# കളമശ്ശേരി: ബോംബിൻെറ പുകയെ വെല്ലുന്ന പകയുടെ പുക

കേരളത്തെ ഞെട്ടിച്ച കളമശ്ശേരി സ്ഫോടനം ഏറെ സങ്കടകരമാണ്. ഒരു കുട്ടിയടക്കം മൂന്നുപേരുടെ ജീവനാണ് നഷ്ടപ്പെട്ടത്. 50ൽപരം ആളുകൾക്കാണ് പരിക്കുപറ്റിയത്. കളമശ്ശേരിയിൽ യഹോവ സാക്ഷികളുടെ മേഖലാ കൺവെൻഷനിടെയാണ് ബോംബ് സ്ഫോടനം നടന്നത്.

ഏറെ താമസിയാതെ യഹോവ സാക്ഷി വിശ്വാസികളിലൊരാളായ ചെലവന്നൂർ വേലിക്കകത്ത് വീട്ടിൽ മാർട്ടിൻ ഡൊമിനിക് (57) ആണ് സ്ഫോടനം നടത്തിയതെന്ന സ്ഥിരീകരണത്തിൽ പൊലീസെത്തി. കൊച്ചി തമ്മനത്ത് വാടകയ്ക്ക് താമസിക്കുകയാണ് മാർട്ടിൻ. താനാണ് സ്ഫോടനം നടത്തിയതെന്ന് ഏറ്റുപറഞ്ഞ് മാർട്ടിൻ ഡൊമിനിക് തൃശൂർ കൊടകര സ്റ്റേഷനിൽ കീഴടങ്ങുകയായിരുന്നു. ഉത്തരവാദിത്തമേറ്റുകൊണ്ടുള്ള വീഡിയോയും അയാൾ സാമൂഹികമാധ്യമത്തിൽ പങ്കുവെച്ചു. സ്ഫോടനം നടത്താനുപയോഗിച്ച റിമോർട്ട് കൺട്രോൾ ഉൾപ്പെടെ വീട്ടിൽനിന്ന് കണ്ടെത്തിയതിനെത്തുടർന്ന് പ്രതിയെ ചോദ്യം ചെയ്തു വരികയാണ്. യു.എ.പി.എ.ഉൾപ്പെടെ ചുമത്തി കേസെടുത്തിട്ടുണ്ട്.

തീവ്രവാദ സ്വഭാവമുള്ള ഒരു ആക്രമണം ലോകത്തിന്റെ ഏതു ഭാഗത്ത് നടന്നാലും അതിനു പിന്നിൽ ഇസ്‌ലാമിക തീവ്രവാദം ആരോപിക്കുക എന്നത് ഒരു സ്വാഭാവിക നടപടിയായി മാറിയ കാലത്താണ് നാം ജീവിക്കുന്നത്. കേരളം എന്ന കൊച്ചുപ്രദേശം അതിന് അപവാദമായിരുന്നു. എന്നാൽ കുറച്ചുകാലമായി കേരളവും ആ ദിശയിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഒരു സ്ഫോടനമോ, തീവണ്ടിയുടെ ബോഗിക്ക് തീയിടലോ സംഭവിച്ചാലുടൻ പ്രതി അല്ലങ്കിൽ പ്രതികൾ ഇസ്‌ലാമിക തീവ്രവാദികളാണെന്ന വിധി ഉടൻ വരുന്നു. മുസ്‌ലിം നാമധാരിയായ ഒരാൾ പിടിക്കപ്പെട്ടാൽ അയാളുടെ അടിയാധാരംവരെ മാന്തി തീവ്രവാദത്തിന്റെ തെളിവു കണ്ടത്താൻ മാധ്യമങ്ങളും ഒരുവേള നിയമപാലകരും കാണിക്കുന്ന കണിശതയും ജാഗ്രതയും അതിശയിപ്പിക്കുന്നതാണ്.

കളമശ്ശേരി സ്ഫോടനം നടന്ന തൊട്ടടുത്ത നിമിഷം മുതൽ മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിൽ നിർത്താൻ സാമൂഹ്യമാധ്യമങ്ങളിലൂടെ ചില വ്യക്തികളും കൂട്ടായ്മകളും ചാനലുകളും മൽസരിക്കുകയായിരുന്നു. കടുത്ത വർഗീയത വിളമ്പിയവരിൽ താഴെ തട്ടിലുള്ള സംഘ പരിവാരങ്ങൾ മുതൽ കേന്ദ്ര മന്ത്രിവരെയുണ്ട്. കാസയും കർമ ന്യൂസും മറുനാടൻ സാജനുമെല്ലാം വർഗീയ വിഷം ചീറ്റുകയായിരുന്നു.

'ജൂതൻമാരെ കിട്ടാത്തതുകൊണ്ട് യഹോവയുടെ പേരിൽ സമ്മേളിക്കുന്നവരെ ആക്രമിക്കാനുള്ള വിദൂര സാധ്യതയെങ്കിലുമുണ്ട്' എന്നു പറഞ്ഞത് ഒരു സംഘപരിവാർ പ്രവർത്തകനല്ല; ഇടതുപക്ഷ സൈദ്ധാന്തികനായ സാക്ഷാൽ ഡോ.സെബാസ്റ്റ്യൻ പോൾ ആണ് എന്നത് ഇസ്‌ലാമോഫോബിയ എന്തുമാത്രം ആഴത്തിൽ കേരള മണ്ണിൽ വേരൂന്നിയിരിക്കുന്നു എന്ന് തെളിയിക്കുന്നതാണ്. 'വൻ ബോംബ് സ്ഫോടനം' എന്ന് ബ്രേക്കിംഗ് ന്യൂസ് നൽകിയ ചില ചാനലുകാർ പ്രതിയുടെ പേര് മായിൻ എന്നല്ല മാർട്ടിനാണ് എന്നറിഞ്ഞ നിമിഷം സ്ഫോടനത്തെ കേവലം ഗുണ്ടുകളുടെ പൊട്ടിത്തെറിയായി മയപ്പെടുത്തിയതും, പ്രതി ശാന്തസ്വഭാവക്കാരനാണ്, ഇതുവരെ ഒരു കുറ്റകൃത്യത്തിലും ഏർപ്പെടാത്തവനാണ്, മാനസിക വിഭ്രാന്തിയുള്ളവനാണ് എന്നൊക്കെയുള്ള സർട്ടിഫിക്കറ്റ് നൽകി വെളുപ്പിച്ചെടുക്കാൻ ശ്രമിച്ചതും ഭീതിതമായ ചില യാഥാർഥ്യങ്ങളെ തുറന്നുകാട്ടുന്നതാണ്.

കളമശ്ശേരി സ്ഫോടനവുമായി ബന്ധപ്പെട്ട് സർവകക്ഷി യോഗം ചേരുകയും ഏകകണ്ഠമായ പ്രമേയം പാസ്സാക്കുകയും ചെയ്തത് വെറുമൊരു ആചാരമായി അവസാനിക്കില്ലെന്നു പ്രതീക്ഷിക്കാം. അവിശ്വാസത്തിന്റെയും അസഹിഷ്ണുതയുടെയും വിഷവിത്തുകൾ വിതക്കാനുള്ള ശ്രമങ്ങളെ എല്ലാ ശക്തിയും ഉപയോഗിച്ച് ചെറുത്തു തോൽപിക്കുമെന്ന് പറയുന്ന പ്രമേയം സ്പർദ വളർത്താനുള്ള ശ്രമങ്ങളെ മുളയിൽതന്നെ നുള്ളാൻ ഓരോ വ്യക്തിയും മുൻകൈ എടുക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. കേരളത്തെ കലാപ ഭൂമിയാക്കാൻ ആസൂത്രിതമായി സോഷ്യൽ മീഡിയയിൽ പ്രചാരണം നടത്തിയവരെ നിയമത്തിനു മുന്നിൽ കൊണ്ടുവന്ന് വർഗീയതയുടെ നാമ്പ് നുള്ളുവാൻ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി തയ്യാറാകണമെന്നാണ് സമാധാനകാംക്ഷികൾക്ക് സവിനയം അപേക്ഷിക്കാനുള്ളത്.






# 'വഹ്‌യി'നെ തള്ളിപ്പറയുന്ന 'പ്രവാചകൻ!'

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

**ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തകർച്ച**

ബ്രിട്ടിഷ് രാജ്ഞി വിക്ടോറിയയുടെ കാലത്ത്, 1892ൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനിക്ക് ഒരു പേർഷ്യൻ കവിത വഹ്‌യായി അവതരിച്ചു വത്രെ. തദ്കിറയിൽ നിന്ന്:

"ബ്രിട്ടീഷ് സാമ്രാജ്യത്വം ഇനി എട്ടു വർഷം മാത്രം. അതിനുശേഷം ദൗർബല്യത്തിന്റെയും കലാപത്തിന്റെയും അസന്തുലിതത്വത്തിന്റെയും ദിവസങ്ങളായിരിക്കും.' എട്ടു വർഷങ്ങൾക്കുശേഷം വിക്ടോറിയ രാജ്ഞിയുടെ മരണത്തോടെ ഇത് പുലർന്നിരിക്കുന്നു."

കലാപത്തിന്റെ എന്ന പദം ഒഴിവാക്കിയാണ് ഹാഫിസ് ഹാമിദ് അലിയുടെ നിവേദനമായി സീറത്തുൽ മഹ്ദിയിൽനിന്ന് ഈ വരികൾ ഉദ്ധരിച്ചിട്ടുള്ളത്.

അബ്ദുല്ല സന്നൂരിയുടെ ഓർമയിൽ വചനം ഇപ്രകാരമാണത്രെ: "ബ്രിട്ടീഷ് സാമ്രാജ്യത്വം ഇനി ഏഴ് വർഷം മാത്രം. അതിനുശേഷം ക്രമക്കേടുകളും അസന്തുലിതത്വവും നടമാടും."

പീർ സിറാജുൽ ഹഖ് നുഹ്മാനി പറയുന്നു: "ഹുസൂറിൽനിന്ന് ഇങ്ങനെ ഒരു ഇൽഹാം ഞാൻ കേട്ടിട്ടുണ്ട്: 'ബ്രിട്ടന്റെ കരുത്ത് ഇനി എട്ടു വർഷം മാത്രം. അതിനുശേഷം ദൗർബല്യത്തിന്റെയും അസന്തുലിതത്വത്തിന്റെയും ദിവസങ്ങളായിരിക്കും" (പേജ് 650-651).

മിർസാ ഖാദിയാനിക്ക് ഒരുവരി കവിതയായി ലഭിച്ച 'വഹ്‌യ്' അർഥ വ്യത്യാസമുള്ള വിവിധ പദങ്ങളുമായി നാലു വരികളാണ് തദ്കിറയിൽ കാണാനാവുക! വഹ്‌യ് ഇങ്ങനെയൊക്കെ മാറ്റിമറിക്കാമോ എന്നൊന്നും ചോദിക്കരുത്; തന്റെ മനസ്സിൽ തോന്നിയതെന്തോ അതാണല്ലോ മിർസക്ക് വഹ്‌യ്.

ഈ 'പ്രവചനം' 1900ന് ശേഷം പുലരേണ്ടതാണ്. എന്നാൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന് പതനം സംഭവിച്ചിട്ടുണ്ടോ എന്ന് തെളിവുകൾ നിരത്തേണ്ട ഒരു കാര്യവുമില്ല. ചരിത്രം സാക്ഷിയായി നമ്മുടെ മുമ്പിലുണ്ടല്ലോ.

## വഹ്‌യിനെ തള്ളിപ്പറയുന്നു

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെയുള്ള ഈ പ്രവചനം അവരെ ചൊടിപ്പിക്കുമെന്നു ഭയന്ന് തള്ളിപ്പറയുന്നതാണ് പിന്നീട് കാണാൻ സാധിക്കുന്നത്. അതിനുവേണ്ടി അദ്ദേഹം ഒരു ഗ്രന്ഥംതന്നെ രചിച്ചു. 'കശ്ഫുൽ ഗിത്വാ'യിൽ താനും കുടുംബവും ബ്രിട്ടീഷുകാർക്ക് അനുകൂലമായി ചെയ്ത പ്രവർത്തനങ്ങൾ വിശദമായി എഴുതുകയും 1857ലെ സ്വാതന്ത്ര്യ സമരത്തിനെതിരെ ബ്രിട്ടീഷുകാരെ സഹായിക്കുന്നതിന് പിതാവ് 50 അശ്വഭടന്മാരെ അയച്ചുകൊടുത്തതും അതിന് പ്രത്യുപകാരമായി 200 രൂപ റിവാർഡും ഗവർണറുടെ ദർബാറിൽ കസേരയും ലഭിച്ചതും ബ്രിട്ടീഷ് അധികാരികളിൽനിന്നുള്ള കത്തുകൾ സഹിതം എഴുതിയിട്ടുണ്ട്. തുടർന്ന് സഹോദരൻ ഗുലാം ഖാദിർതിമ്മു യുദ്ധത്തിൽ സൗജന്യസേവനം നടത്തിയതടക്കം ഒരുപാട് കാര്യങ്ങൾ വിശദമായി ഉപന്യസിച്ചതിനു ശേഷം മിർസ എഴുതി:

"എട്ടുവർഷത്തിനുശേഷം ഈ സാമ്രാജ്യം തകരുമെന്ന് എന്റെ ഇൽഹാം പ്രസിദ്ധീകരിച്ചതായി മുഹമ്മദ് ഹുസൈൻ ബട്ടാലവി തന്റെ പത്രത്തിൽ എഴുതിയിരിക്കുന്നു. അല്ലാഹു കള്ളം പറയുന്നവനെ നശിപ്പിക്കട്ടെ എന്നല്ലാതെ ഈ ആരോപണത്തിന് ഞാനെന്തു മറുപടി പറയാൻ? എന്റെ എല്ലാ ഗ്രന്ഥങ്ങളും ഗവൺമെന്റിനു മുമ്പിലുണ്ട്. ഞാൻ ഏതു പുസ്തകത്തിൽ, അല്ലെങ്കിൽ ഏതു കത്തിലോ പരസ്യത്തിലോ ആണ് ഇങ്ങനെ ഒരു ഇൽഹാം പ്രസിദ്ധീകരിച്ചത് എന്ന് ആ വ്യക്തിയെ വിളിച്ച് അന്വേഷിക്കട്ടെ. എന്റെ സംഘത്തോടുള്ള മതപരമായ ശത്രുത കാരണമാണ് ഇത്തരം കള്ളപ്രസ്താവങ്ങൾ ഗവൺമെന്റിന് മുമ്പിൽ സമർപ്പിക്കുന്നത്. എന്റെ ചിന്തകളും ഇൽഹാമുകളും മനസ്സിലാക്കാൻ പുസ്തകങ്ങളും പരസ്യങ്ങളും ജമാഅത്തിലെ മാന്യന്മാരുടെ സാക്ഷ്യങ്ങളും മതിയാവും" (പേജ് 28).

ഉദ്ധൃത വാക്യങ്ങൾ ഖലീഫമാരുടെ അറിവോടും സമ്മതത്തോടും കൂടിത്തന്നെയാണ് തദ്കിറയിൽ കൊടുത്തിട്ടുള്ളത്; അല്ലാതെ മുഹമ്മദ് ഹുസൈൻ ബട്ടാലവി സ്വന്തമായി എഴുതിച്ചേർത്തതല്ല. അദ്ദേഹത്തെ കുറ്റപ്പെടുത്തേണ്ട കാര്യവുമില്ല. താൻ സമർപ്പിക്കുന്ന വഹ്‌യുകൾ അല്ലാഹുവിൽ നിന്നുള്ളതല്ലെന്നും അതിലെ പ്രവചനങ്ങൾ സാക്ഷാത്കരിക്കപ്പെടില്ലെന്നും സ്വയം ബോധ്യമുള്ള സ്ഥിതിക്ക് ബ്രിട്ടീഷ് സാമ്രാജ്യത്വം



**അബ്ദുല്ല സന്നൂരിയുടെ ഓർമയിൽ വചനം ഇപ്രകാരമാണത്രെ: "ബ്രിട്ടീഷ് സാമ്രാജ്യത്വം ഇനി ഏഴ് വർഷം മാത്രം. അതിനുശേഷം ക്രമക്കേടുകളും അസന്തുലിതത്വവും നടമാടും.'' പീർ സിറാജുൽ ഹഖ് നുഹ്മാനി പറയുന്നു: "ഹുസൂറിൽനിന്ന് ഇങ്ങനെ ഒരു ഇൽഹാം ഞാൻ കേട്ടിട്ടുണ്ട്: 'ബ്രിട്ടന്റെ കരുത്ത് ഇനി എട്ടു വർഷം മാത്രം. അതിനുശേഷം ദൗർബല്യത്തിന്റെയും അസന്തുലിത്വത്തിന്റെയും ദിവസങ്ങളായിരിക്കും'' (പേജ് 650-651). മിർസാ ഖാദിയാനിക്ക് ഒരുവരി കവിതയായി ലഭിച്ച 'വഹ്‌യ്' അർഥ വ്യത്യാസമുള്ള വിവിധ പദങ്ങളുമായി നാലു വരികളാണ് തദ്കിറയിൽ കാണാനാവുക! വഹ്‌യ് ഇങ്ങനെയൊക്കെ മാറ്റിമറിക്കാമോ എന്നൊന്നും ചോദിക്കരുത്; തന്റെ മനസ്സിൽ തോന്നിയതെന്തോ അതാണല്ലോ മിർസക്ക് വഹ്‌യ്. ഈ 'പ്രവചനം' 1900ന് ശേഷം പുലരേണ്ടതാണ്. എന്നാൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന് പതനം സംഭവിച്ചിട്ടുണ്ടോ എന്ന് തെളിവുകൾ നിരത്തേണ്ട ഒരു കാര്യവുമില്ല. ചരിത്രം സാക്ഷിയായി നമ്മുടെ മുമ്പിലുണ്ടല്ലോ.**

തകരുമെന്ന് ഭയപ്പെടേണ്ടതില്ല. പറഞ്ഞത് അബദ്ധമാണെങ്കിലും അത് വെള്ളക്കാരെ ചൊടിപ്പിക്കുമോ എന്നാണ് ടിയാന്റെ ആശങ്ക!

**ഒളിപ്പിച്ചു വെച്ച വഹ്‌യ്**

"1907 നവംബർ 6/7: ഞാൻ നിനക്ക് യഹ്‌യ എന്ന് പേരുള്ള ശുദ്ധനും വിശുദ്ധനുമായ ഒരു കുട്ടിയുടെ ജനനത്തെക്കുറിച്ച് സന്തോഷവാർത്ത നൽകുന്നു... ഒരു വ്യക്തിയുടെ മരണം അടുത്തിരിക്കുന്നു. അല്ലാഹു എല്ലാ ഭാരവും സ്വയം വഹിക്കും. (ഇതിന്റെ അർഥം ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല, ഭാവിയിൽ ഇതിന്റെ വിശദീകരണം നൽകാൻ അല്ലാഹു കഴിവുള്ളവനാണല്ലോ). നിന്നെ സേവിക്കുന്നവൻ ലോകത്തെ മുഴുവൻ സേവിച്ചവനെ പോലെയാണ്; നിന്നെ ദുഃഖിപ്പിച്ചവൻ ലോകത്തെ മുഴുവൻ ദുഃഖിപ്പിച്ചവനെപ്പോലെയും."

"ഇതിനുശേഷം മറ്റൊരു ഇൽഹാം വന്നു. പക്ഷേ, അത് വെളിപ്പെടുത്താൻ അനുവാദം ലഭിച്ചിട്ടില്ല. ഒരുപക്ഷേ, പിന്നീട് ലഭിച്ചേക്കും. അതിന്റെ ആദ്യവാക്യം ഇങ്ങനെയാണ്: 'നോക്കൂ, നിഗൂഢമായി ഒളിപ്പിച്ചുവെച്ച ഒരു കാര്യം ഞാൻ സമർപ്പിക്കുന്നു" (പേജ് 626-627).

പിന്നീട് നവാബ് മുഹമ്മദലി ഖാന് അയച്ച കത്തിൽ മസീഹ് ഇങ്ങനെ എഴുതി: "എല്ലായ്പ്പോഴും ഹൃദയത്തെ ദുഃഖത്തിലാഴ്ത്തുന്ന വളരെയേറെ ഭീതിജനകമായ ഒരു പ്രവചനം പലതവണ അല്ലാഹു എന്നെ അറിയിച്ചിട്ടുണ്ട്. എന്റെ വീട്ടുകാരിയോടല്ലാതെ മറ്റാരോടും ഞാൻ ഇതുവരെ അത് പറഞ്ഞിട്ടില്ല. ഈ പ്രവചനത്തിന് ഒരു സംഭവം ഞാനും താങ്കളും ഒരുമിച്ചാണ് അനുഭവിക്കേണ്ടിവരിക. അത് തട്ടിമാറ്റാൻവേണ്ടി ഞാൻ അല്ലാഹുവിനോട് ഒരുപാട് ദുആ ചെയ്യുന്നുണ്ട്. രണ്ടാമത്തെ സംഭവം ഞാനും എന്റെ വീട്ടിലെ ഏതോ ഒരാളുമായി ബന്ധപ്പെട്ടതാകുന്നു"(പേജ് 627-628).

അതീവ ഭയാനകമായ കാര്യം എന്ന് പറഞ്ഞുവെങ്കിലും ഒളിപ്പിച്ചുവെച്ചിരിക്കുകയാണ് അല്ലാഹു അറിയിച്ച രണ്ടു ഭാഗങ്ങളും. പ്രവാചകനാകട്ടെ ബന്ധപ്പെട്ടവരോട് പറയാതെ സ്വന്തം ഭാര്യയോട് മാത്രമാണ് ഇത് പറഞ്ഞിട്ടുള്ളത്. എന്താണ് പ്രവചനം എന്നറിയാതെ അതിന്റെ സാക്ഷാൽക്കാരത്തെക്കുറിച്ച് അന്വേഷിക്കുന്നതിൽ അർഥമില്ലല്ലോ. ഈ നവാബിനെ ഭയപ്പെടുത്തുക പ്രവാചകന്റെ ഒരു ഹോബിയായിരുന്നു എന്ന് വേണം കരുതാൻ. അതിനുമുമ്പ് നവാബിന്റെ ഭാര്യയെപ്പറ്റി നടത്തിയ പ്രവചനം തുടർന്നു വായിക്കുക.

**നവാബിന്റെ ഭാര്യ**

"1906 ഫെബ്രുവരി 25: വഹ്‌യ് അവതരിച്ചു: a) 'വേദനാജനകമായ ദുഃഖം, വേദനാജനകമായ സംഭവം!" (പേജ് 511).

മാർച്ച് രണ്ടിലെ ബദർ വാരികയിലാണ് ഇത് ആദ്യം പ്രസിദ്ധീകരിച്ചത്. ആരെപ്പറ്റിയാണെന്ന് അവിടെ വ്യക്തമാക്കിയിട്ടില്ല. തുടർന്ന് 1907 മെയിൽ പ്രസിദ്ധീകരിച്ച 'തതിമ്മയെ ഹഖീഖതുൽ വഹ്‌യി'ൽനിന്ന്:

b) "മാലിയർകോട്ടിലെ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനെ സംബന്ധിച്ച് അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്ന വഹ്‌യ് ഇങ്ങനെ: 'നവാബിന്റെ ഭാര്യ അടുത്തുതന്നെ മരിക്കും. ആ മരണ വിവരം നൽകിക്കൊണ്ട് പറഞ്ഞതാണ് ഈ വചനങ്ങൾ. നവാബിന്റെ ഭാര്യ നല്ല ആരോഗ്യത്തോടെ സുരക്ഷിതയായി ജീവിച്ചിരിക്കുമ്പോഴാണ് ഇങ്ങനെ ഒരു വഹ്‌യ് ലഭിക്കുന്നത്. പിന്നെ ഏതാണ്ട് ആറുമാസം കഴിഞ്ഞ് 1324 റമദാനിൽ അദ്ദേഹത്തിന്റെ ഭാര്യ ക്ഷയരോഗം ബാധിച്ച് ഈ നശ്വരലോകത്തോട് വിടപറഞ്ഞു. ഈ വിവരം മരണസമയത്തിന് മുമ്പേതന്നെ നവാബ് സാഹിബിനെ അറിയി

**അതീവ ഭയാനകമായ കാര്യം എന്ന് പറഞ്ഞുവെങ്കിലും ഒളിപ്പിച്ചുവെച്ചിരിക്കുകയാണ് അല്ലാഹു അറിയിച്ച രണ്ടു ഭാഗങ്ങളും. പ്രവാചകനാകട്ടെ ബന്ധപ്പെട്ടവരോട് പറയാതെ സ്വന്തം ഭാര്യയോട് മാത്രമാണ് ഇത് പറഞ്ഞിട്ടുള്ളത്. എന്താണ് പ്രവചനം എന്നറിയാതെ അതിന്റെ സാക്ഷാൽക്കാരത്തെക്കുറിച്ച് അന്വേഷിക്കുന്നതിൽ അർഥമില്ലല്ലോ. ഈ നവാബിനെ ഭയപ്പെടുത്തുക പ്രവാചകന്റെ ഒരു ഹോബിയായിരുന്നു എന്ന് വേണം കരുതാൻ.**



ച്ചിരുന്നു” (പേജ് 511).

“അതിനുശേഷം സ്വപ്നത്തിൽ, ബന്ധത്തിലുള്ള ഒരു വീട്ടിലെ ഭൃത്യ വന്ന് എന്നോട് പറഞ്ഞു: ‘എന്റെ ഭാര്യ പെട്ടെന്ന് മരണപ്പെട്ടു.’ ഇതുകേട്ട്, പ്രവചനം പുലർന്ന വിവരം വീട്ടിൽ അറിയിക്കുന്നതിനായി ഞാൻ എഴുന്നേറ്റു. തലപ്പാവും ഊന്നുവടിയും എടുത്ത് നടക്കാൻ തുടങ്ങിയപ്പോഴേക്കും ഞാൻ ഉണർന്നു.”

മറ്റൊരിക്കൽ അവരെപ്പറ്റി വഹ്‌യ് വന്നു: “അല്ലാഹു സുരക്ഷ വാഗ്ദാനം ചെയ്തിരിക്കുന്നു. അവന്റെ വചനം തീർച്ചയായും സത്യമാണ്. പക്ഷേ, ഇതുകൊണ്ട് ഉദ്ദേശിച്ചത് ശരീരത്തിന്റെ സംരക്ഷണമാണോ ആത്മാവിന്റെ സുരക്ഷയാണോ എന്ന് മനസ്സിലായിട്ടില്ല” (പേജ് 511-512).

1324 റമദാനിൽ 1906 ഒക്ടോബർ/ നവംബറിലാണ് അവർ മരിച്ചത്. പക്ഷേ, തുടർന്ന് പറയുന്ന കാര്യങ്ങൾ ആദ്യമായി പ്രസിദ്ധീകരിച്ചത് ആറുമാസങ്ങൾക്ക് ശേഷം 1907ൽ ‘തതിമ്മയെ ഹഖീഖതുൽ വഹ്‌യ്’ എന്ന പുസ്തകത്തിലാണ്. 1906 ഫെബ്രുവരി 23ന് ലഭിച്ചതെന്നു പറയുന്ന ഇൽഹാമിൽ വേദനാജനക സംഭവം എന്താണെന്ന് വിശദീകരിച്ചിട്ടില്ല. അത് നവാബിന്റെ ഭാര്യയുടെ മരണമാണെന്ന് എവിടെയും രേഖപ്പെടുത്തിയിട്ടുമില്ല. ഇതിനുശേഷം ലഭിച്ച സുരക്ഷാ വാഗ്ദാനമാകട്ടെ, ശരീരത്തിനോ ആത്മാവിനോ എന്ന് മിർസക്ക് വ്യക്തമല്ല. സംഭവിക്കുന്നതിന് മുമ്പേ വ്യക്തമായി, കൃത്യതയോടെ പറയുന്നതിനാണ് പ്രവചനം എന്ന് വിളിക്കുക.

**പെണ്ണുങ്ങളുടെ കുതന്ത്രം**

“1892 സെപ്തംബർ 27: എന്റെ ഭാര്യയുടെ നേരാങ്ങള, അന്ന് പത്തു വയസ്സുള്ള സയ്യിദ് മുഹമ്മദ് ഇസ്മായിൽ പട്യാലയിൽനിന്ന് എനിക്കൊരു കത്തെഴുതി: ‘എന്റെ ഉമ്മ മരണപ്പെട്ടിരിക്കുന്നു. അനുജൻ ഇസ്ഹാഖിനെ നോക്കാൻ ആരുമില്ലാത്ത അവസ്ഥയാണ്.’

**ഒരേ കത്തിൽതന്നെ ഉമ്മ മരിച്ചതിനാൽ അനിയനെ നോക്കാൻ ആളില്ലെന്നും തുടർന്ന് അവൻ മരിച്ചെന്നും എഴുതിയത് വായിച്ചാൽ സാമാന്യബുദ്ധിയുള്ള ആരും അത് പത്തുവയസ്സുകാരന്റെ കുസൃതിയാണെന്നേ മനസ്സിലാക്കൂ. എന്നിരിക്കെ നിജസ്ഥിതി അറിയാൻ ഹാമിദലിയെ പട്യാലയിലേക്ക് അയച്ചത് തനിക്ക് ലഭിച്ച ‘വഹ്‌യിൽ’ വിശ്വാസമില്ലാഞ്ഞിട്ടായിരിക്കാം! വഹ്‌യ് പെണ്ണുങ്ങളെയാണ് അഭിസംബോധന ചെയ്തിരിക്കുന്നത്. ഇവിടെ ഭാര്യയും അവരുടെ ഉമ്മയും മാത്രമാണ് സ്ത്രീ കഥാപാത്രങ്ങൾ. അവർ രണ്ടുപേരും ഒരു തന്ത്രവും പ്രയോഗിച്ചിട്ടില്ല. ആരാണ് തന്ത്രം പ്രയോഗിച്ചതെന്ന് ‘യലാശു’വിന് മനസ്സിലായിട്ടുമില്ല.**



ഏറ്റവും അവസാനമായി ഇങ്ങനെ കുറിച്ചുവച്ചിരിക്കുന്നു: “ഇസ്ഹാഖും മരിച്ചു. അതുകൊണ്ട് കത്ത് കിട്ടിയാൽ എത്രയും വേഗം വരണം.”

“ഇത് വായിച്ചതോടെ ഞാൻ വല്ലാതെ പരിഭ്രമിച്ചു. കാരണം വീട്ടുകാരും കടുത്ത പനി ബാധിച്ചു കിടപ്പിലായിരുന്നു അന്ന്. തികച്ചും ആകസ്മികമായി ഉമ്മയുടെയും അനിയന്റെയും മരണവാർത്ത അറിയുമ്പോൾ അവരുടെ ജീവനെപ്പറ്റിയായിരുന്നു എന്റെ ആശങ്ക. വിവരം മറച്ചുവെക്കാനും പറ്റില്ലല്ലോ. രാത്രി എനിക്ക് ഉറക്കം വന്നില്ല. ഈ അസ്വസ്ഥതയിൽ ഞാനൊന്നു മയങ്ങിയപ്പോൾ വഹ്‌യവതരിച്ചു: ‘പെണ്ണുങ്ങളേ, നിങ്ങളുടെ കുതന്ത്രം തീർച്ചയായും അതിഭയങ്കരം തന്നെ!’”

“കത്തിൽ എഴുതിയത് കളവാണെന്നും തന്ത്രമാണെന്നും അപ്പോൾതന്നെ എനിക്ക് മനസ്സിലായി. എന്നിട്ടും എന്റെ ഭൃത്യൻ ഹാമിദലിയെ ഞാൻ പട്യാലയിലേക്ക് അയച്ചു. അയാൾ തിരിച്ചുവന്നു, അവന്റെ അനുജനും ഉമ്മയും ജീവിച്ചിരിക്കുന്നു എന്ന് പറഞ്ഞു” (പേജ് 163-164).

ഒരേ കത്തിൽതന്നെ ഉമ്മ മരിച്ചതിനാൽ അനിയനെ നോക്കാൻ ആളില്ലെന്നും തുടർന്ന് അവൻ മരിച്ചെന്നും എഴുതിയത് വായിച്ചാൽ സാമാന്യബുദ്ധിയുള്ള ആരും അത് പത്തുവയസ്സുകാരന്റെ കുസൃതിയാണെന്നേ മനസ്സിലാക്കൂ. എന്നിരിക്കെ നിജസ്ഥിതി അറിയാൻ ഹാമിദലിയെ പട്യാലയിലേക്ക് അയച്ചത് തനിക്ക് ലഭിച്ച ‘വഹ്‌യിൽ’ വിശ്വാസമില്ലാഞ്ഞിട്ടായിരിക്കാം!

വഹ്‌യ് പെണ്ണുങ്ങളെയാണ് അഭിസംബോധന ചെയ്തിരിക്കുന്നത്. ഇവിടെ ഭാര്യയും അവരുടെ ഉമ്മയും മാത്രമാണ് സ്ത്രീ കഥാപാത്രങ്ങൾ. അവർ രണ്ടുപേരും ഒരു തന്ത്രവും പ്രയോഗിച്ചിട്ടില്ല. ആരാണ് തന്ത്രം പ്രയോഗിച്ചതെന്ന് ‘യലാശു’വിന് മനസ്സിലായിട്ടുമില്ല.

ഖാദിയാനി പ്രവാചകന്റെ ‘നുസൂലുൽ മസീഹ്’ എന്ന ഗ്രന്ഥത്തിലെ 114ാമത്തെ പ്രവചനമാണിത്. ഇതിൽ എന്താണ് പ്രവചനം എന്നും അതിന് സാക്ഷാത്കാരം എങ്ങനെയാണെന്നും വായനക്കാർക്ക് പിടികിട്ടിയോ? ■

# സി.എം മടവൂരിന്റെ മതവിരുദ്ധ ചെയ്തികളും കുരുക്കിലായ സമസ്തയും

മൂസ സ്വലാഹി കാര
:97473 45768

**അതിരുകടന്ന ആത്മപ്രശംസയിലൂടെയും അന്ധമായ അപദാനങ്ങളിലൂടെയും വ്യക്തികളെ വിഗ്രഹവൽക്കരിച്ചാണ് പൗരോഹിത്യം എക്കാലവും വിശ്വാസികളെ ചൂഷണം ചെയ്തുകൊണ്ടിരുന്നത്. വ്യക്തി സമത്വത്തിന്റെ സന്ദേശവുമായി കടന്നുവന്ന ഇസ്‌ലാമാകട്ടെ, ഈ രംഗത്ത് കണിശമായ നിർദേശങ്ങൾ മാത്രമല്ല കൃത്യമായ വിലക്കുകൾ നൽകുക കൂടി ചെയ്തു. എന്നിട്ടും സ്രഷ്ടാവിനോളം പോന്ന 'സൃഷ്ടിമാഹാത്മ്യ'ങ്ങളാണ് സമസ്തയുടെ ലേബലിൽ ഇന്ന് കഥകളായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്.**

അല്ലാഹുവിന്റെ ഇഷ്ടദാസന്മാരാകാൻ സാധിക്കുക എന്നതാണ് ജീവിതത്തിൽ നമുക്ക് നേടാൻ കഴിയുന്ന ഏറ്റവും വലിയ സൗഭാഗ്യം. കുറുക്കുവഴികളും കൃത്രിമ മാർഗങ്ങളും അന്വേഷിക്കാതെ, മതനിയമങ്ങൾക്കനുസൃതമായി ജീവിതത്തെ ചിട്ടപ്പെടുത്തുക വഴി സൂക്ഷ്മത പാലിക്കുന്നവർക്ക് മാത്രമെ ഇതിന് സാധ്യമാകൂ. വിശ്വാസത്തിൽ അടിയുറച്ച് നിലകൊള്ളുന്ന ഇങ്ങനെയുള്ള സൂക്ഷ്മാലുക്കളെക്കുറിച്ച് അല്ലാഹു പറയുന്നു:

"ശ്രദ്ധിക്കുക; തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ"(ക്വുർആൻ 10:62,63).

അല്ലാഹുവിന്റെ വലിയ്യുകൾ എന്നു വിശേഷിപ്പിക്കപ്പെടുന്നത് അവന്റെ ഇഷ്ടം നേടിയെടുത്ത മഹത്തുക്കളാണ്. അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം; നബി(സ) പറഞ്ഞു: "അല്ലാഹു ഒരടിമയെ ഇഷ്ടപ്പെട്ടാൽ ജിബ്‌രീലി(അ)നോട് പറയും: 'ഞാൻ ഒരടിമയെ ഇഷ്ടപ്പെട്ടിരിക്കുന്നു, നീയും അവനെ ഇഷ്ടപ്പെടുക.' അപ്പോൾ ജിബ്‌രീൽ(അ) അയാളെ ഇഷ്ടപ്പെടുകയും ആകാശത്തുള്ളവരോട് ഇപ്രകാരം പറയുകയും ചെയ്യും: 'അല്ലാഹു ഒരടിമയെ ഇഷ്ടപ്പെട്ടിരിക്കുന്നു, നിങ്ങളും അവനെ ഇഷ്ടപ്പെടുക.' അവർ അവനെ ഇഷ്ടപ്പെടുകയും ഭൂമിയിൽ അവന് സ്വീകാര്യത ലഭിക്കപ്പെടുകയും ചെയ്യും" (മുസ്‌ലിം).

അബൂഹുറയ്‌റ(റ)യിൽനിന്ന് നബി(സ) പറഞ്ഞു: "നിശ്ചയം, അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'എന്റെ വലിയ്യിനോട് (സാമീപ്യം



നേടിയ വ്യക്തിയോട്) ആരെങ്കിലും ശത്രുത കാണിച്ചാൽ അവനോട് ഞാനിതാ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ നിർബന്ധമാക്കിയ കർമങ്ങളെക്കാൾ എനിക്ക് പ്രിയങ്കരമായ മറ്റൊരു കാര്യം മുഖേനയും എന്റെ ദാസന് എന്റെ സാമീപ്യം നേടാൻ കഴിഞ്ഞിട്ടില്ല. ഞാൻ അവനെ ഇഷ്ടപ്പെടുന്നതുവരെ നിർബന്ധമല്ലാത്ത ഐച്ഛികമായ കാര്യങ്ങൾ അനുഷ്ഠിച്ചുകൊണ്ട് എന്റെ ദാസൻ എന്റെ സാമീപ്യം തേടിക്കൊണ്ടിരിക്കും...'' (ബുഖാരി).

ഇവിടെ സൂചിപ്പിക്കപ്പെട്ട വലിയ്യ് ആരാണെന്ന് ഇബ്‌നു ഹജർ അസ്‌ഖലാനി(റഹ്)പറയുന്നു: "അല്ലാഹുവിന്റെ മിത്രമെന്നാൽ അല്ലാഹുവിനെ അറിയുകയും അവനെ അനുസരിക്കുന്നതിൽ പതിവാക്കുകയും അവനുള്ള ആരാധനയിൽ ആത്മാർഥത കാണിക്കുകയും ചെയ്യുന്നവനാണ്'' (ഫത്ഹുൽബാരി).

ഇമാം സുയൂതി(റഹ്)പറയുന്നു: "വലിയ്യ് എന്നാൽ, സാധ്യമാകുന്നത്ര അല്ലാഹുവിനെ അറിയുന്നവനും അനുസരണം പതിവാക്കുന്നവനും ധിക്കാരങ്ങളെ വെടിയുന്നവനും ദേഹേച്ഛകളിലും ആസ്വാദനങ്ങളിലും മുഴുകുന്നതിൽനിന്ന് പിന്തിരിയുന്നവനുമാണ്'' (ഇത്മാമുദ്ദിറായ).

നമ്മുടെ യഥാർഥ വലിയ്യ് സർവലോകത്തിന്റെയും അധികാരിയും ഉടമസ്ഥനുമായിട്ടുള്ള അല്ലാഹുവാണെന്ന അടിസ്ഥാന അറിവിൽനിന്ന് നാം ഒരിക്കലും വ്യതിചലിക്കാൻ പാടില്ല. അല്ലാഹു പറയുന്നു: "നിനക്കറിഞ്ഞു കൂടേ, അല്ലാഹുവിന്നു തന്നെയാണ് ആകാശഭൂമികളുടെ ആധിപത്യമെന്നും നിങ്ങൾക്ക് അല്ലാഹുവെ

**നമ്മുടെ യഥാർഥ വലിയ്യ് സർവലോകത്തിന്റെയും അധികാരിയും ഉടമസ്ഥനുമായിട്ടുള്ള അല്ലാഹുവാണെന്ന അടിസ്ഥാന അറിവിൽനിന്ന് നാം ഒരിക്കലും വ്യതിചലിക്കാൻ പാടില്ല. അല്ലാഹു പറയുന്നു: "നിനക്കറിഞ്ഞു കൂടേ, അല്ലാഹുവിന്നു തന്നെയാണ് ആകാശഭൂമികളുടെ ആധിപത്യമെന്നും നിങ്ങൾക്ക് അല്ലാഹുവെ കൂടാതെ ഒരു രക്ഷകനും സഹായിയും ഇല്ലെന്നും?''**(2:107).


കൂടാതെ ഒരു രക്ഷകനും സഹായിയും ഇല്ലെന്നും?''(2:107).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹ്) പറയുന്നു: "ഓ, പ്രവാചകരേ! ആകാശഭൂമികളുടെ രാജാധിപത്യവും അധികാരവും എനിക്കു മാത്രമാണെന്ന് നിങ്ങൾക്കറിയില്ലേ? അതിലും അവയിലുള്ളതിലും ഞാൻ ഉദ്ദേശിക്കുന്നപോലെ വിധിക്കുകയും കൽപിക്കുകയും വിരോധിക്കുകയും ചെയ്യുന്നു. എന്റെ അടിമകളിൽ ഞാൻ വിധിച്ച വിധികളിൽനിന്ന് ഉദ്ദേശിക്കുന്നത് ഞാൻ ഉദ്ദേശിക്കുമ്പോൾ ദുർബലപ്പെടുത്തുകയും മാറ്റുകയും ചെയ്യും. ഞാനുദ്ദേശിക്കുന്നത് സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു''(തഫ്സീർ ഇബ്നു കസീർ).

വിശ്വാസികൾക്ക് രക്ഷാധികാരിയായി അല്ലാഹു ഉണ്ടാകുമെന്ന സന്തോഷവാർത്ത ക്വുർആനിൽ കാണാം: "അതിന്റെ കാരണമെന്തെന്നാൽ, അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരിയാണ്. സത്യനിഷേധികൾക്കാകട്ടെ ഒരു രക്ഷാധികാരിയും ഇല്ല'' (47:11).

ബറാഇ(റ)ൽനിന്ന്: "ഉഹ്ദ് യുദ്ധ വേളയിൽ ശത്രുഭാഗത്തുനിന്ന് അബൂസുഫ്യാൻ പറഞ്ഞു: 'ഹുബ്ൽ ഉയരട്ടെ.' 'നിങ്ങൾ ഉത്തരം നൽകുന്നില്ലേ' എന്ന നബി(സ്വ)യുടെ ചോദ്യത്തിന് 'അല്ലാഹുവാണ് വലിയവനും മഹാനു'മെന്ന് സ്വഹാബികൾ മറുപടി നൽകി. 'ഞങ്ങൾക്ക് ഉസ്സയുണ്ട്, നിങ്ങൾക്ക് ഉസ്സയില്ല' എന്ന് അവർ പറഞ്ഞപ്പോൾ 'അല്ലാഹുവാണ് ഞങ്ങളുടെ രക്ഷാധികാരി, നിങ്ങൾക്ക് രക്ഷാധികാരിയില്ല' എന്ന് സ്വഹാബികൾ മറുപടി നൽകി'' (ബുഖാരി).

വിശ്വാസികളുടെ പ്രഖ്യാപനമായിക്കൊണ്ട് ക്വുർആൻ പഠിപ്പിക്കുന്നു: "നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ'' (2:286).




ഈ വസ്തുതയെ നിരാകരിച്ചുകൊണ്ട്, നബി(സ്വ)യടക്കം എല്ലാ ഔലിയാക്കളും അഭൗതിക മാർഗത്തിലൂടെ ആവശ്യങ്ങൾ നടത്തിത്തരുമെന്ന വിശ്വാസത്തിൽ അവരോട് പ്രാർഥിക്കുകയും സഹായ തേട്ടം നടത്തുകയും അവരുടെ തൃപ്തിക്കായി നേർച്ചവഴിപാടുകൾ നടത്തുകയും അവരിൽ തവക്കുലാക്കുകയുമൊക്കെ ചെയ്യുന്നവരുടെ എണ്ണം നമ്മുടെ നാട്ടിൽ കുറച്ചൊന്നുമല്ല.

അല്ലാഹുവിന്റെ ഔലിയാക്കൾ ഒരിക്കലും ഈ പിഴച്ച വിശ്വാസം പഠിപ്പിച്ചിട്ടില്ല. ഒട്ടേറെ വ്യാജന്മാരാണ് ഇത്തരം വിശ്വാസത്താൽ ആരാധിക്കപ്പെടുന്നത്. നബി(സ്വ)ക്കു പോലും അല്ലാഹു നൽകിയിട്ടില്ലാത്ത കഴിവുകൾ വ്യാജന്മാർക്കുള്ളതായി അവകാശപ്പെടുന്നത് എത്ര വലിയ അപരാധമാണ്! അല്ലാഹു പറയുന്നു: "വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽനിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്. അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളാകുന്നു'' (2:257).

'പ്രകാശം' എന്ന പദം ഏകവചനമായും 'ഇരുട്ട്' എന്നത് ബഹുവചനമായും പ്രയോഗിച്ചതിൽനിന്ന് സത്യം ഒന്നുമാത്രമാണെന്നും അസത്യം ധാരാളമുണ്ടെന്നും അതെല്ലാ നിരർഥകമാണെന്നും വ്യക്തമാകുന്നു എന്ന് ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹ്) പറഞ്ഞതായി കാണാം.

ശിയാ-സൂഫീ വിശ്വാസാചാരങ്ങളിൽ ആകൃഷ്ടരായ സമസ്ത മുസ്ലിയാക്കന്മാർ ഒരു നൂറ്റാണ്ടുകാലം കൊണ്ടുനടന്ന ആദർശം കടപുഴകി വീഴാൻ കാരണക്കാരനാവുകവും ബഹുമാനാദരവോടെ അവർ നോക്കിക്കാണുന്ന കാക്കത്തൊള്ളായിരം ജാറങ്ങളിലുള്ള വ്യാജ ഔലിയാക്കന്മാർ ചോദ്യം ചെയ്യപ്പെടാൻ ഹേതുവാകുകയും ചെയ്ത വ്യക്തിയാണല്ലോ സി.എം മടവൂർ. അമിത പ്രശംസകളാലും അധിക പുകഴ്ത്തലുകളാലും അല്ലാഹുവിനോട് സമപ്പെടുത്തപ്പെട്ട അവസ്ഥയിലാണ് ഇയാളുടെ മക്വാം ഇപ്പോഴുള്ളത്. വർഷങ്ങൾക്കു മുമ്പ് മണ്ണടിഞ്ഞ ഇദ്ദേഹത്തെക്കുറിച്ച് പുരോഹിതന്മാർ പറഞ്ഞു പരത്തിയ ഗുരുതരമായ വാദങ്ങളിലും

കെട്ടുകഥകളിലും അജ്ഞരായ ഒട്ടേറെയാളുകൾ അകപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന് കൊടുക്കേണ്ട ആദരവും സ്നേഹവും അനുസരണവും അടുപ്പവുമെല്ലാം പാടിയും പറഞ്ഞും ആടിയും ആഘോഷിച്ചും മടവൂർ കേന്ദ്രത്തിൽ കൊടുക്കുന്നവർ ഖുർആനിന്റെ താക്കീതിനെ ഓർക്കട്ടെ. അല്ലാഹു പറയുന്നു:

"നിങ്ങൾ അല്ലാഹുവിനു പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല.അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ ആരാധിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്" (29:17).

മതപരമായി പാലിക്കപ്പെടേണ്ട നിയമങ്ങളും മര്യാദകളും ശ്രദ്ധിക്കാത്ത ഇയാൾ ജീവിച്ചതിന്റെ പച്ചയായ തെളിവുകൾ വായിക്കും മുമ്പ് ഈ വ്യാജ വലിയ്യിനെ മഹത്ത്വവത്ക്കരിച്ചുകൊണ്ട് പുരോഹിതന്മാർ എഴുതിയത് നോക്കാം:

"അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരായ മഹാത്മാക്കളാണ് ഔലിയാക്കൾ. അത്തരം ഔലിയാക്കളിൽ ഈ നൂറ്റാണ്ടിൽ ജീവിച്ച ഏറ്റവും വലിയ മഹാനായിരുന്നു മടവൂർ സി.എം മുഹമ്മദ് അബൂബക്കർ മുസ്‌ലിയാർ വലിയുല്ലാഹി അവർകൾ" (സി.എം സ്മരണിക, പേജ് 9).

"ആ മഹാന്റെ വിയോഗം നമ്മെ സർവ്വ മണ്ഡലങ്ങളിലും ക്ഷീണിപ്പിച്ചിരിക്കുന്നു. നാം അനാഥരായി, നിരാലംബരായി. എങ്കിലും അവിടുത്തോടുള്ള സ്നേഹവും ബഹുമാനവും അനുകരണവും നമുക്ക് കൂടുതൽ ഊർജ്ജ്വസ്വലതയോടെ മുന്നേറാനുള്ള ശക്തിയും അനുഗ്രഹവും പ്രദാനം ചെയ്യട്ടെ എന്ന് അല്ലാഹുവോട് പ്രാർത്ഥിക്കാം" (പേജ് 50).

"ശൈഖുനായുടെ ജീവിതം മുഴുവൻ അമാനുഷിക സംഭവങ്ങളുടെ കലവറയാണ്. ഗർഭധാരണം തൊട്ടു അതിന്റെ തുടക്കം കാണാം. ജീവിതത്തിൽ ഒരു കറാഹത്തു പോലും പ്രവർത്തിക്കാത്തതായിരുന്നു ആ മഹാത്മാവിന്റെ ജീവിത ശൈലി" (സി.എം മടവൂർ വലിയ്യുല്ലാഹി, പേജ് 10).

'അമാനുഷിക സംഭവങ്ങൾ നിറഞ്ഞ,' 'ഒരു കറാഹത്തു പോലും പ്രവർത്തിക്കാത്ത' ഇവരുടെ ഈ 'പുണ്യ പുരുഷന്റെ' മതജീവിതം എങ്ങനെയായിരുന്നു എന്നൊന്ന് പരിശോധിക്കാം.

**ലോകത്തിന്റെ നിയന്ത്രണം അവകാശപ്പെടുന്നു!**

"ശൈഖുനായുടെ മൂത്ത സഹോദരിയുടെ മകൻ അബ്ദുർ റശീദ് മുസ്‌ലിയാർ ശൈഖുനായുടെ മഖാമിനു മുമ്പിൽവെച്ച് എന്നോട് പറഞ്ഞ ഒരു കാര്യമാണ് അടുത്തതായി ഉദ്ധരിക്കുന്നത്. അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് അവരുടെ വീട്ടിലേക്ക് ശൈഖുനാ കടന്നുവന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'സത്യമായും ഞാൻ ഖുത്വുബുൽ അഖ്ത്വാബാണ്. അതിലൊരു സംശയുമില്ല"(സി.എം വലിയ്യുള്ളാഹി, കറാമത്തുകളും അനുഭവങ്ങളും, പേജ് 75).

ഇതെല്ലാം ശരിയാണെന്നു വിശ്വസിച്ച് നടക്കുന്നവർക്ക് എന്ത് വിവരമാണ് പ്രപഞ്ച സ്രഷ്ടാവിനെക്കുറിച്ചുള്ളത്? അല്ലാഹു പറയുന്നു: "അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു" (3:189).

ഇബ്നു കസീർ(റഹ്) ഇതിന്റെ വിശദീകരണമായി പറഞ്ഞത് കാണുക: "അവൻ എല്ലാറ്റിന്റെയും ഉടമയാണ്. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അവന് അസാധ്യമായി ഒന്നുമില്ല. അതിനാൽ അവനെ ഭയപ്പെടുക, അവനെ എതിർക്കരുത്. അവന്റെ ക്രോധത്തെയും കോപത്തെയും സൂക്ഷിക്കുക. കാരണം അവൻ മഹാനാണ്. അവനോളം മഹത്ത്വമുള്ള ആരുമില്ല. അവൻ എല്ലാറ്റിനും കഴിയുന്നവനാണ്. അവനെക്കാൾ കഴിവ് ആർക്കുമില്ല" (തഫ്സീർ ഇബ്നു കസീർ).

'ഞാനാണ് നിങ്ങളുടെ ഉന്നതനായ റബ്ബ്' എന്നു വിളിച്ചു പറഞ്ഞവനാണ് ധിക്കാരിയായ ഫിർഔൻ. അതിനു സമാനമായ രീതിയിൽ 'ഞാൻ ഖുത്വുബുൽ അഖ്ത്വാബാ

**ശിയാ-സൂഫീ വിശ്വാസാചാരങ്ങളിൽ ആകൃഷ്ടരായ സമസ്ത മുസ്‌ലിയാക്കന്മാർ ഒരു നൂറ്റാണ്ടുകാലം കൊണ്ടുനടന്ന ആദർശം കടപുഴകി വീഴാൻ കാരണക്കാരനാവുകവും ബഹുമാനാദരവോടെ അവർ നോക്കിക്കാണുന്ന കാക്കത്തൊള്ളായിരം ജാറങ്ങളിലുള്ള വ്യാജ ഔലിയാക്കന്മാർ ചോദ്യം ചെയ്യപ്പെടാൻ ഹേതുവാകയും ചെയ്ത വ്യക്തിയാണല്ലോ സി.എം മടവൂർ. അമിത പ്രശംസകളാലും അധിക പുകഴ്ത്തലുകളാലും അല്ലാഹുവിനോട് സമപ്പെടുത്തപ്പെട്ട അവസ്ഥയിലാണ് ഇയാളുടെ മഖ്ബറ ഇപ്പോഴുള്ളത്. വർഷങ്ങൾക്കു മുമ്പ് മണ്ണടിഞ്ഞ ഇദ്ദേഹത്തെക്കുറിച്ച് പുരോഹിതന്മാർ പറഞ്ഞു പരത്തിയ ഗുരുതരമായ വാദങ്ങളിലും കെട്ടുകഥകളിലും അജ്ഞരായ ഒട്ടേറെയാളുകൾ അകപ്പെട്ടിട്ടുണ്ട്.**



**"ജീവിത കാലത്തെന്നതുപോലെ വഫാത്തിനു ശേഷവും ശൈഖുനായുടെ മഖ്ബറ സിയാറത്ത് ചെയ്യുന്നവർക്കും ശൈഖുനായോട് സങ്കടം പറയുന്നവർക്കും മഹാനവർകളുടെ പേരിൽ വിശുദ്ധ ഖുർആൻ ഓതി ഹദ്‌യ ചെയ്യുന്നവർക്കും പ്രശ്നപരിഹാരം ലഭിക്കുന്നു എന്നത് തള്ളിക്കളയാൻ കഴിയാത്ത സത്യമാണ്. ജീവിതകാലത്ത് പ്രകടമായതുപോലെ മഹാനവർകളുടെ കറാമത്തുകൾ ഇന്നും അവിടുത്തെ മുരീദന്മാരും മുഹിബ്ബീങ്ങളും അനുഭവിക്കുന്നുണ്ട്"(സി.എം വലിയ്യുല്ലാഹ്; കറാമത്തുകളും അനുഭവങ്ങളും, പേജ് 59). വിഗ്രഹങ്ങൾക്ക് മുമ്പിൽ പ്രണമിച്ചിരുന്ന മക്കത്തെ മുശ്‌രിക്കുകൾവരെ അല്ലാഹുവല്ലാത്തവർക്ക് യഥാർഥ അഭയം നൽകാൻ കഴിയില്ലെന്ന നിലപാടുള്ളവരായിരുന്നു.**

ണ്' എന്നു പ്രഖ്യാപിച്ച ഇയാളെ തലയിലേറ്റി നടക്കുന്നവർ ചിന്തിക്കുക. അല്ലാഹുവിനെക്കുറിച്ച് നിങ്ങളുടെ വിചാരമെന്താണ്? സ്വാലിഹുകളുടെ വിഷയത്തിൽ അതിരുവിട്ടവരോട് നൂഹ്(അ) ചോദിച്ചു: 'നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല?' ബിംബാരാധകരോട് ഇബ്‌റാഹീം നബി(അ) ചോദിച്ചു: 'അപ്പോൾ ലോകരക്ഷിതാവിനെപ്പറ്റി നിങ്ങളുടെ വിചാരമെന്താണ്?' മൂസാ നബി(അ) രക്ഷക്കായി പ്രാർഥിച്ചു: 'എന്റെ രക്ഷിതാവേ, അക്രമികളായ ജനതയിൽനിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ.'

**നമസ്കാരം ഉപേക്ഷിച്ച വ്യക്തി**

"മൂന്നാം ഘട്ടത്തിൽ ശരീഅത്തിന്റെ ചില ഭാഗങ്ങളെല്ലാം വിട്ടുകൊണ്ടാണ് അദ്ദേഹത്തെ ഞാൻ കാണുന്നത്. താടിയും തലപ്പാവും ഒഴിവാക്കിയിരുന്നു. നമസ്കാരത്തിനു പകരം എല്ലായിടത്തും സുജൂദ്...1971-72ൽ കോഴിക്കോട് ജില്ലയിലെ കായലത്ത് ഞാൻ മുദരിസായിരുന്ന കാലത്ത് ഈ ഹാലിൽതന്നെയാണ് സി.എം അവിടെ വന്ന് ഒരു വീട്ടിൽ താമസം തുടങ്ങിയത്. നമസ്കരിക്കാത്ത സിഎമ്മിനെ നമസ്ക്കരിക്കുന്ന ചില അജ്ഞാനികളായ ആളുകൾ പിന്തുടർന്നു നടക്കുന്നതും നമസ്കാരം ഉപേക്ഷിക്കുന്നതും കണ്ടപ്പോൾ മനഃപ്രയാസം തോന്നി" (സൂഫികളുടെ പാത, പേജ് 63).

ഏറ്റവും വലിയ മഹാനായ നബി(സ്വ) രോഗാവസ്ഥയിൽ പോലും നമസ്കാരത്തിന്റെ വിഷയത്തിൽ കാണിച്ച കണിശത ഹദീസ് ഗ്രന്ഥങ്ങൾ വിവരിക്കുന്നത് കാണാം. വിശ്വാസികൾക്കു മേൽ സമയം നിശ്ചയിക്കപ്പെട്ട നിർബന്ധ കർമമാണ് അഞ്ചുസമയ നമസ്കാരം. മ്ലേച്ഛതയിൽനിന്നും നിഷിദ്ധങ്ങളിൽനിന്നും വിശ്വാസികളെ അകറ്റുന്നതും കർമങ്ങളിൽ പരലോകത്ത് ആദ്യം ചോദ്യം ചെയ്യപ്പെടുന്നതുമായ ഏറ്റവും ശ്രേഷ്ഠമായ ആരാധനയെ ഒഴിവാക്കിയ ഇയാളുടെ വിധി എന്താകും?

**നോമ്പെടുത്തിരുന്നില്ല, നോറ്റവരെ മുറിപ്പിച്ചിരുന്നു!**

"ശൈഖുന നോമ്പ് നോറ്റിരുന്നില്ലെന്നതിനു പുറമെ പകൽ സമയത്ത് മുഴുവൻ ചിലർക്ക് ബാക്കിയുള്ള ഭക്ഷണവും മറ്റും കൊടുത്ത് നോമ്പ് മുറിപ്പിക്കുകയും ചെയ്തിരുന്നു" (സി.എം മടവൂർ വലിയ്യുല്ലാഹി, പേജ് 99).

സൂക്ഷ്മതയുള്ളവരാകാൻ ഇസ്‌ലാം നിർബന്ധമാക്കിയ നോമ്പിനോട് ഇവരുടെ വലിയ്യിന്റെ സമീപനം നോക്കൂ! വലിയ പാപമല്ലേ ഇയാൾ ചെയ്തത്? സ്വയം പാപിയാവുക മാത്രമല്ല, മറ്റുള്ളവരെക്കൊണ്ട് പാപം ചെയ്യിക്കുന്നതും ഇയാളുടെ സ്വഭാവമായിരുന്നു. തെറ്റിലും ശത്രുതയിലും നിങ്ങൾ പരസ്പരം സഹകരിക്കരുതെന്ന വിശുദ്ധ ക്വുർആനിന്റെ കൽപന ഇയാൾക്ക് ബാധകമല്ലേ? എന്ത് മാതൃകയാണ് ഇയാളിൽനിന്ന് സമൂഹത്തിന് കിട്ടാനുള്ളത്? പ്രമാണങ്ങളുടെ വെളിച്ചത്തിൽ ഈ തെറ്റിന്റെ വിധി എന്തെന്ന് കൂടി മുസ്‌ലിയാക്കന്മാർ സമൂഹത്തോട് പറയണം.

**മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന്!**

"മറഞ്ഞ കാര്യങ്ങൾ പറഞ്ഞിരുന്നു എന്നത് ശൈഖുനാ സി.എം

വലിയ്യുല്ലാഹി(റ)യുടെ ഒരു കറാമത്താണ്. മഹാനവർകൾ ഈ ഭൗതിക ലോകത്ത് ജീവിച്ചിരുന്ന കാലഘട്ടത്തിൽ അത്തരത്തിലുള്ള കാര്യങ്ങൾ ധാരാളം ജനങ്ങളോട് പറഞ്ഞിട്ടുണ്ട്" (സി.എം വലിയ്യുല്ലാഹി കറാമത്തുകളും അനുഭവങ്ങളും, പേജ് 39,40).

അല്ലാഹുവിന്റെ മാത്രം കഴിവായി ഖുർആൻ പറയുന്നു: "അവൻ അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു. അതിനാൽ അവൻ അവർ പങ്കുചേർക്കുന്നതിനെക്കാളെല്ലാം ഉന്നതനായിരിക്കുന്നു" (23:92). നബി (സ്വ)യോട് പ്രഖ്യാപിക്കുവാൻ അല്ലാഹു പറയുന്നു: "...എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (7:188). എന്നാൽ സിഎമ്മിന് മറഞ്ഞ കാര്യം അറിയുന്നതിൽ യാതൊരു പരിധിയുമില്ലത്രെ.

**എല്ലാവർക്കും അഭയകേന്ദ്രമാണത്രെ!**

"ജീവിത കാലത്തെന്നതുപോലെ വഫാത്തിനു ശേഷവും ശൈഖുനായുടെ മഖ്ബറ സിയാറത്ത് ചെയ്യുന്നവർക്കും ശൈഖുനായോട് സങ്കടം പറയുന്നവർക്കും മഹാനവർകളുടെ പേരിൽ വിശുദ്ധ ഖുർആൻ ഓതി ഹദ്‌യ ചെയ്യുന്നവർക്കും പ്രശ്നപരിഹാരം ലഭിക്കുന്നു എന്നത് തള്ളിക്കളയാൻ കഴിയാത്ത സത്യമാണ്. ജീവിതകാലത്ത് പ്രകടമായതുപോലെ മഹാനവർകളുടെ കറാമത്തുകൾ ഇന്നും അവിടുത്തെ മുരീദന്മാരും മുഹിബ്ബീങ്ങളും അനുഭവിക്കുന്നുണ്ട്"(സി.എം വലിയ്യുല്ലാഹ്; കറാമത്തുകളും അനുഭവങ്ങളും, പേജ് 59).

വിഗ്രഹങ്ങൾക്ക് മുമ്പിൽ പ്രണമിച്ചിരുന്ന മക്കത്തെ മുശ്‌രിക്കുകൾ വരെ അല്ലാഹുവല്ലാത്തവർക്ക് യഥാർഥ അഭയം നൽകാൻ കഴിയില്ലെന്ന നിലപാടുള്ളവരായിരുന്നു. അല്ലാഹു പറയുന്നു: "നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെനിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: (അതെല്ലാം) അല്ലാഹുവിന്നുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ (സത്യത്തിൽ നിന്നും) തെറ്റിപ്പോകുന്നത്?"(23:88,89).

**വാക്കുകൾകൊണ്ട് രോഗം മാറ്റും!**

സിഎമ്മിന്റെ ചരിത്രം എഴുതപ്പെട്ട 'ശൈഖുൽ മശാഇഖ് സി.എം വലിയ്യുല്ലാഹ്(റ), കറാമത്തുകളും അനുഭവങ്ങളും' എന്ന പുസ്തകത്തിൽ രോഗികളോട് അയാൾ പറഞ്ഞ ചില പ്രയോഗങ്ങൾ കൊടുത്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക: 'ചൊറി വേണ്ട,' 'ഒക്കെ സുഖമായി കെട്ടോ,' 'നിങ്ങൾക്ക് ഓപ്പറേഷൻ വേണ്ട,' 'രോഗം വേണ്ട; മൂന്ന് ദിവസം വീട്ടിലിരിക്കുക,' 'ചൊറിയും ചിരങ്ങും ഒന്നും വേണ്ട,' 'ആ തലവേദന ഇനി വേണ്ട; പൊക്കോളൂ,' 'പൊക്കോളൂ, അത് സുഖപ്പെട്ടിരിക്കുന്നു,' 'ഇനി വയറ്റിൽ വേദന വേണ്ട.'

താൻ ഇങ്ങനെ പറഞ്ഞാൽ മതി, യാതൊരു മരുന്നും ഉപയോഗിക്കേണ്ട, അല്ലാഹുവിനോട് പ്രാർഥിക്കുകയും വേണ്ട, ഏതു രോഗവും ആ നിമിഷം മാറും എന്നാണ് ഇങ്ങനെ പറയുന്നതിന്റെ ഉദ്ദേശ്യം!

ഇതുപോലുള്ളവരോട് രോഗശമനത്തിന് തേടുന്നവർ ഇബ്‌റാഹീം നബി(അ)യുടെ ഈ പ്രഖ്യാപനം ഓർക്കുക: "എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്" (26:80). രോഗ ബാധിതരായ പ്രവാചകന്മാർ രോഗശമനത്തിനായി അല്ലാഹുവോടാണ് തേടിയത്. തന്റെ അനുചരന്മാർക്ക് രോഗം വന്നപ്പോൾ മുഹമ്മദ് നബി(സ്വ) ഇങ്ങനെയൊരു മാർഗം സ്വീകരിച്ചിട്ടില്ല.

**"മറ്റൊരു ഘട്ടത്തിൽ താടിയും മുടിയും വളർത്തി കണ്ടാൻ ഭയം തോന്നിക്കുന്ന രീതിയിലായിരുന്നു. ഇക്കാലത്ത് കണക്കില്ലാതെ വെറ്റില ചവച്ചിരുന്നു. പിന്നീട് താടിമുടികൾ പാടെ നീക്കം ചെയ്തു കാറിൽ മാത്രമായി യാത്ര'' (സി.എം മടവൂർ വലിയ്യുല്ലാഹി, പേജ് 68,69). വിശ്വാസികൾക്ക് ഉൾക്കൊള്ളാൻ കഴിയുമോ ഇതെല്ലാം? "തുരുതുരാ സിഗരറ്റ് വലിച്ചിരുന്നു. സ്വർണമോതിരവും ചെയിനും ധരിച്ചിരുന്നു'' (പേജ് 69). ഏത് വലിയ്യിനാണ് ഇസ്‌ലാം ഇതിലൊക്കെ ഇളവു നൽകിയത്? 'അല്ലാഹുവിനോട് അടുത്ത' അടിമകൾക്ക് നിഷിദ്ധങ്ങൾ ചെയ്യാം എന്നൊരു നിയമം ശരീഅത്തിലുണ്ടോ? നിഷിദ്ധമാക്കിയത് ചെയ്യുന്നവർക്ക് അല്ലാഹുവിനോട് അടുത്തവരാകാൻ കഴിയുമോ?**

**മൂത്രമൊഴിച്ചാൽ വൃത്തിയാക്കിയിരുന്നില്ല!**

"ശൈഖുനാ മൂത്രമൊഴിച്ചിട്ട് ശുദ്ധീകരിക്കാതെ എഴുന്നേറ്റു പോയിരുന്നു എന്നാണ് ചിലരുടെ പരാതി" (സി.എം മടവൂർ വലിയ്യുല്ലാഹി, പേജ് 97). മലമൂത്ര വിസർജന മര്യാദപോലും പാലിക്കാത്ത ഇയാൾ എന്ത് വലിയ്യാണെന്ന് ഓരോരുത്തരും ചിന്തിക്കുക.

**കുടുംബങ്ങളെ പാടെ ഒഴിവാക്കി!**

"ക്രമേണ ശൈഖുനാക്ക് കുടുംബ ജീവിതത്തോട് വിരക്തി അനുഭവപ്പെട്ടു തുടങ്ങി. ഉമ്മയോടും ഭാര്യയോടും സംസാരി

ക്കാതെയായി. ഒരു ദിവസം അർധ രാത്രി കഴിഞ്ഞിട്ടും ശൈഖുനായുടെ ദിക്റും ദുആയും കഴിഞ്ഞില്ല. അവിടുന്ന് കരഞ്ഞുകൊണ്ടു പ്രാർത്ഥന യിൽ തന്നെ മുഴുകിയിരുന്നു. കുറേ സമയം കഴിഞ്ഞപ്പോൾ ശൈഖുനാ പൊട്ടിക്കരഞ്ഞുകൊണ്ട് അവിടെനിന്ന് എഴുന്നേറ്റ് എങ്ങോട്ടോ പോയി. ഈ സംഭവത്തിനുശേഷം വീടുമായുള്ള ബന്ധം തീരെയുണ്ടായിരുന്നില്ലെന്നു പറയുന്നതായിരിക്കും ശരി" (സി.എം മടവൂർ വലിയ്യുല്ലാഹി, പേജ് 57).

ആലോചിക്കുക, ഇതാണോ ഇസ്‌ലാം പഠിപ്പിക്കുന്നത്? നബി (സ്വ)യിൽ ഇതിന് മാതൃകയുണ്ടോ? കുടുംബ ബന്ധം മുറിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കില്ലെന്നുതുപോലുള്ള ഹദീസുകൾ ഇയാൾക്കും ബാധകമാകില്ലേ!

**തലതിരിഞ്ഞ വ്യക്തിത്വം**

"മറ്റൊരു ഘട്ടത്തിൽ താടിയും മുടിയും വളർത്തി കണ്ടാൻ ഭയം തോന്നിക്കുന്ന രീതിയിലായിരുന്നു. ഇക്കാലത്ത് കണക്കില്ലാതെ വെറ്റില ചവച്ചിരുന്നു. പിന്നീട് താടിമുടികൾ പാടെ നീക്കം ചെയ്തു കാറിൽ മാത്രമായി യാത്ര" (സി.എം മടവൂർ വലിയ്യുല്ലാഹി, പേജ് 68,69). വിശ്വാസികൾക്ക് ഉൾക്കൊള്ളാൻ കഴിയുമോ ഇതെല്ലാം?

**ഹറാമാക്കിയത് ചെയ്തു**

"തുരുതുരാ സിഗരറ്റ് വലിച്ചിരുന്നു. സ്വർണമോതിരവും ചെയിനും ധരിച്ചിരുന്നു" (പേജ് 69). ഏത് വലിയ്യിനാണ് ഇസ്‌ലാം ഇതിലൊക്കെ ഇളവു നൽകിയത്? 'അല്ലാഹുവിനോട് അടുത്ത' അടിമകൾക്ക് നിഷിദ്ധങ്ങൾ ചെയ്യാം എന്നൊരു നിയമം ശരീഅത്തിലുണ്ടോ? നിഷിദ്ധമാക്കിയത് ചെയ്യുന്നവർക്ക് അല്ലാഹുവിനോട് അടുത്തവരാകാൻ കഴിയുമോ?

**മാന്യതയില്ലാത്ത മനുഷ്യൻ**

"പിന്നീട് സർവ്വം മറന്ന് ഊരുചുറ്റുന്ന കാലത്ത് സ്വാഭാവികമായും വസ്ത്രത്തെക്കുറിച്ച് തീരെ ശ്രദ്ധിക്കാതായി. മുഷിഞ്ഞതും കീറിപ്പറിഞ്ഞതും പുതിയതും പഴയതുമൊക്കെ ആ കാലത്ത് ഉള്ളതിനനുസരിച്ച് ധരിച്ചു. മാനന്തവാടിയിൽനിന്ന് മൈസൂർ വനങ്ങളിലേക്കുള്ള ഏകാന്ത പദയാത്രക്കിടയിൽ കാട്ടിക്കുളത്ത് ഒരു ഹോട്ടലിൽ കയറി വയറ് നിറയെ ഭക്ഷണം കഴിച്ച് ഇറങ്ങിപ്പോകാനൊരുങ്ങി. പീടികക്കാരൻ പിടികൂടി. കയ്യിലൊന്നുമില്ലായിരുന്നു. ഷർട്ടും തുണിയും അഴിച്ചു വാങ്ങി. അടിവസ്ത്രങ്ങൾ മാത്രമുടുത്തുകൊണ്ട് ശൈഖ് വനത്തിലേക്ക് കടന്നു" (പേജ് 68). ഇതിന് വിശദീകരണം ആവശ്യമില്ല. ഒരു വലിയ്യെന്നല്ല, സാധാരണക്കാരനായ ഒരാൾ പോലും ഇങ്ങനെ മാന്യത തൊട്ടുതീണ്ടാത്തവിധം ജീവിക്കില്ല.

**മുസ്‌ലിംകളെ കാഫിറാക്കി!**

"നവീന വാദികളോട് കഠിനമായ വെറുപ്പും വിദ്വേഷവും വെച്ച് പുലർത്തിയിരുന്നു അദ്ദേഹം. പലപ്പോഴും കാഫിർ എന്ന പദമാണ് നവീനാശയക്കാരെ സംബന്ധിച്ച് അദ്ദേഹം ഉപയോഗിച്ചിരുന്നത്" (സി എം സ്മരണിക, പേജ് 12). ഇവരുടെ കണ്ണിൽ തൗഹീദുള്ളവർ പുത്തൻവാദികളും ശിർക്കിൽ മുഴുകിയവർ പഴമക്കാരുമാണ്.

**മനോവിഭ്രാന്തിയിൽ ആത്മഹത്യക്കു ശ്രമിച്ചു!**

"ഈ ഘട്ടത്തിലൊരിക്കൽ മലയമ്മ അബൂബക്കർ മുസ്‌ലിയാരെക്കാണുവാൻ ശൈഖുനാ പോയി. തിരിച്ചു വന്നപ്പോൾ വല്ലാത്തൊരു അവസ്ഥയിലായിരുന്നു. സ്വന്തം ശരീരത്തെ ഇരുമ്പുകൊണ്ടു മർദ്ദിക്കുവാനും കിണറ്റിൽ ചാടുവാനും ശ്രമിച്ചു. സ്വന്തത്തെ നിയന്ത്രിക്കാൻ വയ്യാത്ത ഒരവസ്ഥ" (നമ്മുടെ സി.എം, പേജ് 23, 24). ഒരു വലിയ്യിന്റെ പ്രത്യേകതയാണോ ഇത്? സ്വന്തത്തെ നിയന്ത്രിക്കാൻ കഴിയാത്ത ഇയാളാണത്രെ ലോകത്തെ നിയന്ത്രിക്കുന്നത്!

**ശരീഅത്തിനെ കൈവെടിഞ്ഞു**

"ജദ്ബിന്റെ ഹാലിൽ എത്തി വീണ്ടും നാട്ടിൽ. പിന്നീടു മുഴുകീട്ടില്ല ബാഹ്യ ശരീഅത്തിൽ" (സി എം ചരിത്ര ഗാനം, പേജ് 4).

ഭ്രാന്തിന്റെ അവസ്ഥയിലെത്തുകയും മതനിയമങ്ങൾ കൈവെടിഞ്ഞ് ജീവിക്കുകയും ചെയ്തെന്നു വ്യക്തം! എന്നിട്ടും സമസ്തക്കാർക്ക് ഇയാൾ ഔലിയ തന്നെ!

**മരിച്ചവനെ ജീവിപ്പിച്ചുവെന്ന്!**

"പാമ്പു കടിയേറ്റു മരണ റിപ്പോർട്ട് ലഭിച്ചയാളെ അവർ വലിയ്യിന്നടുത്തെത്തിച്ചു. സിയം അവർകൾ കിടത്താൻ പറഞ്ഞ ദിശയിലും മുറയിലും കിടത്തി. ശൈഖ് എന്ത് ചെയ്യാൻ പോവുന്നു? ജനം ഉറ്റുനോക്കുകയാണ്. മഹാനവർകൾ ആ മൃതശരീരത്തോട് ഉത്തരവ്: 'എഴുന്നേൽക്കൂ.' രണ്ട് തവണ ഉത്തരവിട്ടു. മൂന്നാമത് ശക്തിയായി പറഞ്ഞു. തത്സമയം എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് അതാ കിടക്കുന്നയാൾ എഴുന്നേൽക്കുന്നു. സുഖമായി, അതിരറ്റ സന്തോഷത്തോടെ സംഘം മടങ്ങി" (കറാമത്തുകൾ ഒരൊഴുക്കെന്ന പോലെ, പേജ് 22). എത്ര നിസ്സാരമായിട്ടാണ് ഈ കള്ളക്കഥകൾ ഇവർ എഴുതി വിടുന്നത്!

> **"ഈ ഘട്ടത്തിലൊരിക്കൽ മലയമ്മ അബൂബക്കർ മുസ്‌ലിയാരെക്കാണുവാൻ ശൈഖുനാ പോയി. തിരിച്ചു വന്നപ്പോൾ വല്ലാത്തൊരു അവസ്ഥയിലായിരുന്നു. സ്വന്തം ശരീരത്തെ ഇരുമ്പുകൊണ്ടു മർദ്ദിക്കുവാനും കിണറ്റിൽ ചാടുവാനും ശ്രമിച്ചു. സ്വന്തത്തെ നിയന്ത്രിക്കാൻ വയ്യാത്ത ഒരവസ്ഥ'' (നമ്മുടെ സി.എം, പേജ്23, 24). ഒരു വലിയ്യിന്റെ പ്രത്യേകതയാണോ ഇത്? സ്വന്തത്തെ നിയന്ത്രിക്കാൻ കഴിയാത്ത ഇയാളാണത്രെ ലോകത്തെ നിയന്ത്രിക്കുന്നത്!**

ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും അല്ലാഹുവാണെന്ന് നിരവധി ആയത്തുകളിൽ വന്നിരിക്കെ ആ വിശ്വാസം വിട്ടകലുന്നത് അന്ധത നടിക്കലല്ലാതെ മറ്റെന്താണ്?

**എല്ലാ ത്വരീഖത്തിന്റെയും ഖുത്വുബ്!**

"ഞണ്ടാടി (അതായത് ശൈഖ് മുഹമ്മദ് അബൂബക്കർ ഞണ്ടാടി(റ) ഖാദിരിയത്തിന്റെ ഖുത്വുബാണ്, ഞാൻ അല്ലാഹുവിലേക്കുള്ള എല്ലാ ത്വരീഖത്തിന്റെയും ഖുത്വുബാണ്....ഇന്ന് (അതായത് ഈ കാലഘട്ടത്തിൽ) ലോകത്തുള്ള എല്ലാ ത്വരീഖത്തുകളും എന്നിൽകൂടിയാണ്" (സിഎം വലിയ്യുല്ലാഹ്, കറാമത്തുകളും അനുഭവങ്ങളും, പേജ് 70,71).

അല്ലാഹു പറയുന്നു: "ആർ അല്ലാഹുവെ മുറുകെപിടിക്കുന്നുവോ അവൻ നേർമാർഗത്തിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു" (3:101).

**അതിരില്ലാത്ത ആത്മപ്രശംസ!**

"ഇപ്പോൾ ശൈഖുനായുടെ ഖബ്ർ നിലനിൽക്കുന്ന സ്ഥലത്ത് മഹാനവർകൾ സുജൂദ് ചെയ്യുകയും കരയുകയും ചെയ്തു. പിന്നെ പറഞ്ഞു: ഇവിടെയാണ് ഖുത്വുബുൽ ആലമിന്റെ ഖബ്ർ. ഇവിടെയാണ് എന്റെ ഖബ്ർ" (പേജ് 74). ഉത്തമരായ നബി(സ്വ)യും മറ്റു പ്രവാചകന്മാരും സ്വയം വിശേഷിപ്പിച്ചത് 'അല്ലാഹുവിന്റെ അടിമ' എന്നാണ്. ഇയാളോ ഖുത്വുബുൽ ആലം എന്നും!

ഒരേസമയത്ത് പലയിടത്തും ഞാൻ ഉണ്ടാകുമെന്നും ലൗഹുൽ മഹ്ഫൂദ്വിലുള്ളത് ഞാൻ അറിയുമെന്നുമൊക്കെ ഇയാൾ പറഞ്ഞതായി മുസ്‌ലിയാക്കന്മാർ എഴുതിവിട്ടിട്ടുണ്ട്. ഇതെല്ലാം തുറന്നുകാണിക്കുന്നതും എഴുതുന്നതും സി.എം മടവൂർ എന്ന മനുഷ്യനെ വ്യക്തിഹത്യ നടത്താനല്ല. അയാൾ ഒരിക്കലും വലിയ്യാകാൻ അർഹനല്ല, മറിച്ച് വിശ്വാസി സമൂഹത്തെ വഴിപിഴവിലാക്കിയിരുന്ന കുഴപ്പക്കാരനായിരുന്നു എന്ന് വിശ്വാസികളെ ബോധ്യപ്പെടുത്താനാണ്. ഇത് ഒരു കടമ നിർവഹിക്കലാണ്. സത്യസന്ധരായ എത്രയോ ഔലിയാക്കൾ ലോകത്ത് ജീവിച്ചിട്ടുണ്ട്. അവരാരും തെറ്റുകൾ ചെയ്തും ചെയ്യിച്ചും ജീവിച്ചവരല്ല. അല്ലാഹുവിന്റെ കഴിവിനു തുല്യമായ കഴിവുണ്ടെന്ന് വാദിച്ചവരുമല്ല. ഇബ്നു കസീർ(റഹ്) പറഞ്ഞു: " സൂക്ഷ്മതയുള്ള ഏതൊരുത്തനുണ്ടോ അവൻ അല്ലാഹുവിന്റെ വലിയ്യാണ്."

ക്വുർആനിന്റെ അധ്യാപനമാണ് വിശ്വാസികൾക്ക് പ്രധാനം. അല്ലാഹു പറയുന്നു: "അതെന്തുകൊണ്ടെന്നാൽ സത്യനിഷേധികൾ അസത്യത്തെയാണ് പിന്തുടർന്നത്. വിശ്വസിച്ചവരാകട്ടെ തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സത്യത്തെയാണ് പിൻപറ്റിയത്. അപ്രകാരം അല്ലാഹു ജനങ്ങൾക്കുവേണ്ടി അവരുടെ മാതൃകകൾ വിശദീകരിക്കുന്നു" (47:3).

സമസ്തയുടെ നടുവൊടിച്ചുകൊണ്ട് അതിലെ ചില പ്രമുഖരുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന ഉലമാ സമ്മേളനത്തിലെ തീരുമാനം കൂടി വായിക്കാം: "മഹാൻമാർ ശരീഅത്ത് വിരുദ്ധമായി പ്രവർത്തിച്ചുവെന്ന് ധരിക്കാൻ നിമിത്തമാകുന്ന യാതൊന്നും പറയരുത്. ശരീഅത്ത് വിരുദ്ധരായ വ്യാജന്മാർക്ക് അത് സഹായകമാകും. മഹാൻമാരെ തെറ്റിദ്ധരിക്കാനും ഇകഴ്ത്താനും അത് കാരണമാകും" (ഉലമാ സമ്മേളനം, പേജ് 11).

സി.എം മടവൂരിന്റെ കാട്ടിക്കൂട്ടലുകൾ വലിയ കാര്യമായി എടുത്തുപറഞ്ഞ് സദസ്സിനെ പുളകം കൊള്ളിക്കാൻ പല പുരോഹിതന്മാരും രംഗത്ത് വന്നതിന്റെ അരിശവും ജനങ്ങൾ ഇതെല്ലാം അറിഞ്ഞല്ലോ എന്ന ജാള്യവുമാണ് പേരോടിനെയും സംഘത്തെയും ഈ തീരുമാനത്തിലേക്കെത്തിച്ചതെന്നു വേണം മനസ്സിലാക്കാൻ. ഇതുപ്രകാരം കാന്തപുരം മുസ്‌ലിയാരും കഴക്കൂട്ടം ശംസുദ്ദീൻ മുസ്‌ലിയാരും വൈലത്തൂർ തങ്ങളും ഉള്ളാൾ തങ്ങളും എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാരുമടക്കം

> **ഒരേസമയത്ത് പലയിടത്തും ഞാൻ ഉണ്ടാകുമെന്നും ലൗഹുൽ മഹ്ഫൂദ്വിലുള്ളത് ഞാൻ അറിയുമെന്നുമൊക്കെ ഇയാൾ പറഞ്ഞതായി മുസ്‌ലിയാക്കന്മാർ എഴുതിവിട്ടിട്ടുണ്ട്. ഇതെല്ലാം തുറന്നുകാണിക്കുന്നതും എഴുതുന്നതും സി.എം മടവൂർ എന്ന മനുഷ്യനെ വ്യക്തിഹത്യ നടത്താനല്ല. അയാൾ ഒരിക്കലും വലിയ്യാകാൻ അർഹനല്ല, മറിച്ച് വിശ്വാസി സമൂഹത്തെ വഴിപിഴവിലാക്കിയിരുന്ന കുഴപ്പക്കാരനായിരുന്നു എന്ന് വിശ്വാസികളെ ബോധ്യപ്പെടുത്താനാണ്.**

സമസ്തയിലെ തൊണ്ണൂറ് ശതമാനം പണ്ഡിതന്മാരും സമൂഹത്തോട് മാപ്പു പറയുമോ എന്നറിയാൻ താൽപര്യമുണ്ട്. ഇവരൊക്കെ പിഴച്ചവിശ്വാസം പേറിയവരാണെന്ന് ഉലമാ സമ്മേളനക്കാർ വിധിയെഴുതുമോ? ഇത്തരം അപകടകങ്ങളെ ആദർശംകൊണ്ട് നേരിട്ട അഹ്‌ലുസ്സുന്ന വൽജമാഅയുടെ വക്താക്കൾക്കെതിരെ പടച്ചുവിട്ട ആരോപണങ്ങൾ ഇവർ പിൻവലിക്കുമോ?

അല്ലാഹുവിന്റെ താക്കീതിന് ചെവികൊടുത്ത് ജീവിതത്തെ വിമലീകരിക്കാൻ ശ്രമിക്കുക. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവന്നു കീഴ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിന് ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല. നിങ്ങൾ ഓർക്കാതിരിക്കെ പെട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിൽനിന്ന് ഏറ്റവും ഉത്തമമായത് നിങ്ങൾ പിൻപറ്റുകയും ചെയ്യുക" (39:54,55). ■



ലേഖനം

# സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും

02

ഡോ. ഷാനവാസ് യു.എസ്.എ
:94963 57979

### ഗൊണാഡുകൾ (Gonads)

മനുഷ്യന്റെ പ്രാഥമിക ലൈംഗികാവയവങ്ങളെയാണ് ഗോണാഡുകൾ (gonads)എന്നു പറയുന്നത്. പുരുഷന്റെ ലൈംഗികാവയവത്തിനെ വൃഷണം(testes)എന്നും സ്ത്രീയുടെ ലൈംഗികാവയവത്തിനെ അണ്ഡാശയം(ovary) എന്നും പറയുന്നു.

"എന്നാൽ മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ, താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചുവീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുതുകെല്ലിനും വാരിയെല്ലുകൾക്കുമിടയിൽനിന്ന് അത് പുറത്തു വരുന്നു" (ക്വുർആൻ 86:5-7).

എന്തുകൊണ്ട് വൃഷണത്തെ വാരിയെല്ലിന്റെയും മുതുകെല്ലിന്റെയും ഇടയിൽനിന്നും ഉൽഭവിച്ചതായി പറയുന്നു എന്ന സംശയം ഉയർന്നേക്കാം. കാരണം സാധാരണ ഒരു പുരുഷനിൽ വൃഷണം കാണപ്പെടുന്നത് വയറിനു പുറത്തുള്ള പ്രത്യേകമായ വൃഷണസഞ്ചിയിലാണ്.

ഇതിനെക്കുറിച്ച് ശാസ്ത്രം പറയുന്നത് എന്താണെന്ന് നോക്കാം. വാരിയെല്ലിന്റെയും (ribs)ഇടുപ്പെല്ലിന്റെയും (pelvis) ഇടയിലായി, നട്ടെല്ലിന്റെ ഇരുവശങ്ങളിലുമായുള്ള ശരീരത്തിന്റെ ഭാഗത്തെയാണ് ലോയിൻ (loin) എന്ന് പറയുന്നത്. വൃഷണവും അണ്ഡാശയവും രൂപപ്പെടുന്നത് ഏതാണ്ട് നാലുമുതൽ 6 ആഴ്ചവരെയുള്ള ഭ്രൂണത്തിന്റെ (embryo)


“എന്നാൽ മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ, താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചുവീഴുന്ന ഒരു ദ്രാവകത്തിൽനിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുതുകെല്ലിനും വാരിയെല്ലുകൾക്കുമിടയിൽനിന്ന് അത് പുറത്തു വരുന്നു'' (ഖുർആൻ 86:5-7). എന്തുകൊണ്ട് വൃഷണത്തെ വാരിയെല്ലിന്റെയും മുതുകെല്ലിന്റെയും ഇടയിൽനിന്നും ഉൽഭവിച്ചതായി പറയുന്നു എന്ന സംശയം ഉയർന്നേക്കാം. കാരണം സാധാരണ ഒരു പുരുഷനിൽ വൃഷണം കാണപ്പെടുന്നത് വയറിനു പുറത്തുള്ള പ്രത്യേകമായ വൃഷണസഞ്ചിയിലാണ്.

വളർച്ചാകാലഘട്ടത്തിലാണ്. ഇവ രണ്ടും ഒരേ തരത്തിലുള്ള കോശങ്ങളിൽനിന്നുമാണ് രൂപപ്പെടുന്നത് എന്നതാണ് അത്ഭുതകരമായ കാര്യം. ഗൊണാഡൽ റിഡ്ജ് (gonadal ridge) എന്നാണ് ആ മാതൃകോശത്തിന്റെ പേര്. ഗൊണാഡൽ റിഡ്ജുകൾ (gonadal ridges) രൂപപ്പെടുന്നത് പെരിട്ടോണിയം (peritoneum) എന്ന ഒരു ആവരണത്തിന്റെ (membrane) കോശങ്ങളിൽനിന്നുമാണ്. പുരുഷന്റെ കോശങ്ങളിൽ മാത്രമായി കാണുന്ന Y ക്രോമസോമുകളിൽ കാണപ്പെടുന്ന SRY എന്ന ജീൻ ആണ് ഗൊണാഡൽ റിഡ്ജിൽനിന്നും അണ്ഡാശയമാണോ, വൃഷണമാണോ രൂപപ്പെടേണ്ടത് എന്നു തീരുമാനിക്കുന്നത്.

പുരുഷനിലെ SRY ജീൻ ഒരു പ്രത്യേക സ്രവം ഉൽപാദിപ്പിക്കുന്നു. വൃഷണ നിർണയ ഹോർമോൺ (testis determining factor) എന്നാണ് ആ സ്രവത്തിന്റെ പേര്. രക്തത്തിൽ ഈ സ്രവത്തിന്റെ സാന്നിധ്യം ഗൊണാഡൽ റിഡ്ജിൽനിന്നും വൃഷണം രൂപപ്പെടാൻ കാരണമാകുന്നു. സ്ത്രീകളിൽ Y ക്രോമസോം ഇല്ലാത്തതിനാൽ വൃഷണനിർണയ ഹോർമോൺ ഉൽപാദിപ്പിക്കപ്പെടുന്നില്ല. സ്ത്രീകളിൽ രക്തത്തിൽ ഈ സ്രവത്തിന്റെ അസാന്നിധ്യം ഗൊണാഡൽ റിഡ്ജിൽനിന്നും അണ്ഡാശയം രൂപപ്പെടാൻ കാരണമാകുന്നു.

ഇങ്ങനെ രൂപപ്പെടുന്ന ഈ വൃഷണം, ഒരു ഗർഭസ്ഥശിശുവിൽ (fetus)അതിന്റെ ലോയിൻ ഭാഗത്ത്, അതായത് പെരിട്ടോണിയത്തിന്റെ പുറകിൽ വാരിയെല്ലിന്റെയും ഇടുപ്പെല്ലിന്റെയും ഇടയിലായിട്ടാണ് കാണപ്പെടുന്നത്. പിന്നീട് ഗർഭസ്ഥ ശിശുവിന് എട്ടുമാസം പ്രായമാകുമ്പോൾ വൃഷണസഞ്ചിയിലേക്ക് ഇറങ്ങുകയാണ് ചെയ്യുന്നത്. ഈ സ്ഥാനമാറ്റത്തിന്റെ കാരണങ്ങൾ തുടർന്നുള്ള അധ്യായങ്ങളിൽ വിശദീകരിക്കുന്നതാണ്.

**ഗൊണാഡുകളുടെ രൂപപ്പെടൽ**
**(Development of Gonads)**






**സെമിനിഫെറസ് ട്യൂബുകളിൽ രൂപപ്പെട്ട പുരുഷബീജം റെറ്റി ടെസ്റ്റിസ് (rete testes) എന്ന ചെറിയ നാളികൾവഴി വൃഷണത്തിന്റെ പുറത്തേക്ക് എത്തുന്നു. എപ്പിഡിഡിമസ് (epididymus)എന്ന വലിയ ഒരു നാളിയിൽ എത്തുകയും അവിടെ താൽക്കാലികമായി സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഈ എപ്പിഡിഡിമസിൽനിന്നുമാണ് ശുക്ലസ്ഖലന സമയത്ത് പുരുഷബീജം പുറത്തുവരുന്നത്.**
**"അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്, അതല്ല നാമാണോ സൃഷ്ടികർത്താവ്?'' (56:58-59).**


### വൃഷണം

പുരുഷനിലെ പ്രാഥമിക ലൈംഗികാവയവമാണ് (primary sex organ) വൃഷണം (testes). ഒരു വ്യക്തിയിൽ രണ്ടുവീതം വൃഷണങ്ങൾ ഉണ്ട്. മറ്റ് അവയവങ്ങളിൽനിന്നും വ്യത്യസ്തമായി ശരീരത്തോട് ചേർന്നുനിൽക്കുന്ന വൃഷണസഞ്ചിയിലാ(scrotum)ണ് ഇവ കാണപ്പെടുന്നത്. ഇവ ഏതാണ്ട് ഗോളാകൃതിയിലുള്ളതാണ്.

നല്ല കട്ടിയുള്ള ആവരണങ്ങളാൽ ഇവ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഓരോ വൃഷണത്തിനകത്തും ഏതാണ്ട് 250 ചെറിയ അറകളുണ്ട് (testicular compartments). ഈ അറക്കകത്ത് വളരെ സങ്കീർണമായ ചുറ്റുകളോടുകൂടിയ ചെറിയ ട്യൂബുകൾ ഉണ്ട്. സെമിനിഫെറസ് ട്യൂബുകൾ (seminiferous tubes) എന്നറിയപ്പെടുന്ന ഇവയുടെ അകത്താണ് പുരുഷബീജം (sperm) രൂപപ്പെടുന്നത്.

സെമിനിഫെറസ് ട്യൂബുകളിൽ രൂപപ്പെട്ട പുരുഷബീജം റെറ്റി ടെസ്റ്റിസ് (rete testes) എന്ന ചെറിയ നാളികൾവഴി വൃഷണത്തിന്റെ പുറത്തേക്ക് എത്തുന്നു. എപ്പിഡിഡിമസ് (epididymus)എന്ന വലിയ ഒരു നാളിയിൽ എത്തുകയും അവിടെ താൽക്കാലികമായി സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഈ എപ്പിഡിഡിമസിൽനിന്നുമാണ് ശുക്ലസ്ഖലന സമയത്ത് പുരുഷബീജം പുറത്തുവരുന്നത്.

"അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്, അതല്ല നാമാണോ സൃഷ്ടികർത്താവ്?" (56:58-59).





ചില കുട്ടികളിൽ വൃഷണം വൃഷണസഞ്ചിയിലേക്ക് ഇറങ്ങാതെ വരാറുണ്ട്. ഇതിനെ ക്രിപ്റ്റോർകിടിസം (cryptorchidism / undescended testes) എന്ന് പറയുന്നു. ഇത് ബീജത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. ഇത്തരത്തിലുള്ള അസുഖമുള്ളവരിൽ ശസ്ത്രക്രിയവഴി വൃഷണത്തെ വൃഷണസഞ്ചിയിലേക്ക് മാറ്റുകയാണ് ചെയ്യാറ്. അല്ലാത്ത പക്ഷം ഭാവിയിൽ ഇത് പ്രത്യുൽപാദനശേഷിയെ പ്രതികൂലമായി ബാധിക്കും.

വൃഷണസഞ്ചിയുടെ താപം ശരീരത്തിന്റെ മറ്റു ഭാഗങ്ങളെ വെച്ച് നോക്കുമ്പോൾ 2 ഡിഗ്രി സെൽഷ്യസ് കുറവാണ്. ബീജത്തിന്റെ രൂപീകരണത്തിന് ഏറ്റവും അനുയോജ്യമായ താപനിലയാണിത്. ലോയിനിൽ രൂപപ്പെട്ട വൃഷണം വൃഷണസഞ്ചിയിലേക്ക് ചലിക്കാനുള്ള പ്രധാന കാരണം ഇതാണ്.

### അണ്ഡാശയം

സ്ത്രീകളുടെ പ്രാഥമിക ലൈംഗികാവയവമാണ് (primary sex organ) അണ്ഡാശയം (ovary). ഒരു സ്ത്രീയിൽ സാധാരണയായി രണ്ട് അണ്ഡാശയങ്ങൾവീതം ഉണ്ടാകും. വയറിന്റെ താഴെ ഭാഗത്ത് ഇരുവശങ്ങളിലുമായി ഇവ സ്ഥിതിചെയ്യുന്നു. വൃഷണത്തെപ്പോലെ തന്നെ ഇവക്കും കട്ടിയുള്ള ഒരു ആവരണം (tunica albuginea) ഉണ്ട്. അണ്ഡാശയത്തിന്റെ മധ്യഭാഗത്തെ മെഡുല്ല (medulla) എന്ന് പറയുന്നു. ഇവിടെ അണ്ഡാശയത്തിലേക്കുള്ള ഞരമ്പുകളും നാഡികളും (nerves and blood vessels) കാണപ്പെടുന്നു.

അണ്ഡാശയത്തിന്റെ പുറമെയുള്ള ഭാഗത്തെ കോർട്ടക്സ് (cortex) എന്ന് വിളിക്കുന്നു. അണ്ഡം (ovum) രൂപം കൊള്ളുന്നത് ഈ കോർട്ടക്സിൽവെച്ചാണ്. ആർത്തവചക്രം (menstrual cycle) പകുതിയാകുമ്പോൾ പൂർണവളർച്ചയെത്തിയ അണ്ഡം ഇതിൽനി




ന്നും പുറത്തേക്ക് വരുന്നു. ഈ പ്രക്രിയയെ ഓവുലേഷൻ (ovulation) എന്നു വിളിക്കുന്നു.

**ബീജസങ്കലനം**

പുരുഷ ബീജത്തിന്റെയും അണ്ഡത്തിന്റെയും കൂടിച്ചേരലിനെയാണ് ബീജസങ്കലനം (fertilization) എന്ന് പറയുന്നത്. ഗർഭപാത്രത്തിന്റെ ഭാഗമായ അണ്ഡവാഹിനി കുഴലിൽവെച്ചാണ് ഈ പ്രക്രിയ സാധാരണ രീതിയിൽ നടക്കുന്നത്. ഈ പ്രക്രിയയുടെ ഫലമായി ഉണ്ടാകുന്ന കോശത്തെ സിക്താണ്ഡം (zygote) എന്ന് വിളിക്കുന്നു. ഈ സിക്താണ്ഡം പിന്നീട് വിഭജിക്കുന്നതിന്റെയും വളരുന്നതിന്റെയും ഫലമായി ഭ്രൂണം (embryo) രൂപപ്പെടുന്നു. ഭ്രൂണം വളർന്ന് ഒരു മനുഷ്യക്കുഞ്ഞായി മാറുന്നു.

“കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു...” (ക്വുർആൻ 76:2).

“മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു”(96:2).

മുമ്പ് പ്രതിപാദിച്ചപോലെ, ഒരിക്കൽ പുറത്തുവരുന്ന ശുക്ലത്തിൽനിന്നും 200മുതൽ 300 മില്യൺ വരെ പുരുഷബീജം സ്ത്രീയുടെ യോനിയിൽ നിക്ഷേപിക്കപ്പെടുന്നു. ഇവിടെവെച്ച് പുരുഷബീജം കപ്പാസിറ്റേഷൻ (capacitation) എന്ന പ്രക്രിയയ്ക്ക് വിധേയമാകുന്നു. ശേഷം ഇവ ഗർഭപാത്രത്തിലൂടെ സഞ്ചരിച്ച് അണ്ഡത്തിന്റെ അടുത്തെത്തുന്നു. ലക്ഷക്കണക്കിന് ബീജങ്ങളുണ്ടെങ്കിലും ഇവയിൽ ഒന്നിന് മാത്രമെ അണ്ഡവുമായി കൂടിച്ചേരാൻ കഴിയുകയുള്ളൂ.


ഓരോ പുരുഷബീജത്തിലും അണ്ഡത്തിലും ഒരുകൂട്ടം ക്രോമസോമുകളാണ് ഉള്ളത്. അത്തരം കോശങ്ങളെ ഏകക്രോമസോമുകൾ (haploid) എന്ന് വിളിക്കുന്നു. ഇവ രണ്ടും കൂടിച്ചേർന്നുണ്ടാകുന്ന സിക്താണ്ഡത്തിന് രണ്ടുകൂട്ടം ക്രോമസോമുകൾ ഉണ്ട്. അതിനാൽ അവയെ ദ്വിക്രോമസോമുകൾ (diploids)എന്ന് വിളിക്കുന്നു. മനുഷ്യനിൽ ബീജങ്ങളൊഴിച്ച് എല്ലാ കോശങ്ങളും ദ്വിക്രോമസോമുകളാണ്.

ചുരുക്കത്തിൽ, ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെടുമ്പോൾ അവന്റെ ഓരോ കോശത്തിലും അവന്റെ പിതാവിൽനിന്നുള്ള 23 ക്രോമസോമുകളും മാതാവിൽ നിന്നുള്ള 23 ക്രോമസോമുകളും ചേർന്ന് ആകെ 46 ക്രോമസോമുകൾ ഉണ്ടാകും.

പുരുഷബീജം അണ്ഡത്തിന്റെ അരികിലെത്തുമ്പോൾ ആ ബീജത്തിന്റെ തലയുടെ അറ്റത്തുനിന്നും ഒരു ദീപനരസം (enzyme) ഉൽപാദിപ്പിക്കപ്പെടുന്നു. ഈ പ്രക്രിയയെ അക്രോസോമൽ പ്രക്രിയ (acrosomal reaction) എന്ന് വിളിക്കുന്നു. ഈ ദ്രാവകം അണ്ഡത്തിന്റെ ഓരോ ആവരണങ്ങളേയും ദഹിപ്പിക്കുകയും പുരുഷബീജത്തിന് അണ്ഡത്തിന്റെ അടുത്ത് എത്താനുള്ള വഴി സൃഷ്ടിക്കുകയും ചെയ്യുന്നു. അങ്ങനെ പുരുഷബീജവും അണ്ഡവും പരസ്പരം കൂടിച്ചേരുകയും ദ്വികോശിയായ സിക്താണ്ഡം (zygote) ഉണ്ടാവുകയും ചെയ്യുന്നു.

ഒരു പുരുഷബീജം സ്ത്രീയുടെ അണ്ഡവുമായി കൂടിച്ചേർന്നാലുടനെ അണ്ഡത്തിന്റെ ആവരണങ്ങളിൽ ഉണ്ടായ വിടവുകൾ അടക്ക

**പുരുഷ ബീജത്തിന്റെയും അണ്ഡത്തിന്റെയും കൂടിച്ചേരലിനെയാണ് ബീജസങ്കലനം (fertilization) എന്ന് പറയുന്നത്. ഗർഭപാത്രത്തിന്റെ ഭാഗമായ അണ്ഡവാഹിനി കുഴലിൽവെച്ചാണ് ഈ പ്രക്രിയ സാധാരണ രീതിയിൽ നടക്കുന്നത്. ഈ പ്രക്രിയയുടെ ഫലമായി ഉണ്ടാകുന്ന കോശത്തെ സിക്താണ്ഡം (zygote) എന്ന് വിളിക്കുന്നു. ഈ സിക്താണ്ഡം പിന്നീട് വിഭജിക്കുന്നതിന്റെയും വളരുന്നതിന്റെയും ഫലമായി ഭ്രൂണം (embryo) രൂപപ്പെടുന്നു. ഭ്രൂണം വളർന്ന് ഒരു മനുഷ്യക്കുഞ്ഞായി മാറുന്നു. “കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു...’’ (ക്വുർആൻ 76:2). “മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു’’(96:2**




**"മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു''(96:2). മുമ്പ് പ്രതിപാദിച്ചപോലെ, ഒരിക്കൽ പുറത്തുവരുന്ന ശുക്ലത്തിൽനിന്നും 200മുതൽ 300 മില്യൺ വരെ പുരുഷബീജം സ്ത്രീയുടെ യോനിയിൽ നിക്ഷേപിക്കപ്പെടുന്നു. ഇവിടെവെച്ച് പുരുഷബീജം കപ്പാസിറ്റേഷൻ (capacitation) എന്ന പ്രക്രിയയ്ക്ക് വിധേയമാകുന്നു. ശേഷം ഇവ ഗർഭപാത്രത്തിലൂടെ സഞ്ചരിച്ച് അണ്ഡത്തിന്റെ അടുത്തെത്തുന്നു. ലക്ഷക്കണക്കിന് ബീജങ്ങളുണ്ടെങ്കിലും ഇവയിൽ ഒന്നിന് മാത്രമെ അണ്ഡവുമായി കൂടിച്ചേരാൻ കഴിയുകയുള്ളൂ.**


പ്പെടുന്നു. ഇത് മറ്റൊരു പുരുഷബീജം അണ്ഡവുമായി കൂടിച്ചേരുന്നത് തടയുന്നു. ഈ പ്രക്രിയയെ കോർട്ടിക്കൽ പ്രക്രിയ (cortical reaction) എന്ന് പറയുന്നു. ഇത്തരത്തിൽ ഒരു പുരുഷബീജം ഒരു അണ്ഡവുമായി മാത്രം കൂടിച്ചേർന്ന് ബീജസങ്കലനം നടക്കുന്നതിനെ മോണോസ്പേർമി (monospermy) എന്ന് വിളിക്കുന്നു. ചില ജീവികളിൽ ഒന്നിലധികം പുരുഷബീജങ്ങൾ അണ്ഡവുമായി കൂടിച്ചേരുന്നു. ഇതിനെ പോളിസ്പേർമി (polyspermy) എന്ന് പറയുന്നു.

**ബീജസങ്കലനവുമായി ബന്ധപ്പെട്ട രോഗങ്ങൾ**

*1. ഗർഭാശയേതര ഗർഭം:* സാധാരണ ബീജസങ്കലനം നടക്കുന്നത് അണ്ഡവാഹിനി കുഴലിൽവെച്ചാ ണല്ലോ. ഇങ്ങനെ രൂപപ്പെടുന്ന ഭ്രൂണം ഗർഭാശയഭിത്തിയിൽ ഒട്ടിപ്പിടിച്ച് വളരുന്നു. എന്നാൽ ചില സ്ത്രീകളിൽ ബീജസങ്കലനം അണ്ഡവാഹിനി കുഴലിന് പുറത്തുവെച്ച് നടക്കുകയും അങ്ങനെയുണ്ടാകുന്ന ഭ്രൂണം ശരീരത്തിന്റെ മറ്റ് ആന്തരികഭാഗങ്ങളിൽ ഒട്ടിപ്പിടിച്ചു വളരുകയും ചെയ്യുന്നു. ഇതിനെയാണ് ഗർഭാശയേതര ഗർഭം (Ectopic pregnancy) എന്ന് വിളിക്കുന്നത്. ഇത് മുൻകൂട്ടി കണ്ടുപിടിച്ചില്ലെങ്കിൽ മാതാവിന്റെ മരണത്തിനുവരെ കാരണമായേക്കാം.

*2.വന്ധ്യത:* ലൈംഗികബന്ധത്തിലൂടെ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയാത്ത അവസ്ഥയെയാണ് വന്ധ്യത എന്ന് പറയുന്നത്. വ്യത്യസ്ത കാരണങ്ങൾകൊണ്ട് വന്ധ്യതയുണ്ടാവാം. നേരത്തെ നാം പ്രതിപാദിച്ച ബീജസങ്കലനത്തിന്റെ ഏതൊരു ഘട്ടത്തിൽ ഉണ്ടാകുന്ന കുറവുകളും വന്ധ്യതയുടെ പ്രധാന കാരണങ്ങളാണ്.

*(തുടരും)*





ലേഖനം

# കാപട്യത്തിലേക്കുള്ള നാലു വാതിലുകൾ

**മുഹമ്മദ് സിയാദ് കണ്ണൂർ**
+966 57065 9840

പരലോകത്തുവെച്ച് സത്യവിശ്വാസികളുടെ മുമ്പിലൂടെയും വലതു ഭാഗത്തിലൂടെയും പ്രകാശം അവരോടൊപ്പം സഞ്ചരിക്കുന്നതായി കാണുമ്പോൾ കപടവിശ്വാസികൾ ആ പ്രകാശത്തിനായി വിശ്വാസികളോട് കെഞ്ചുന്ന രംഗം ക്വുർആനിൽ വിവരിക്കുന്നുണ്ട്. അവിടെ സത്യവിശ്വാസികളെ വിളിച്ചു കൊണ്ട് കപടന്മാർ പറയുന്നത് കാണാം:

"അവരെ (സത്യവിശ്വാസികളെ) വിളിച്ച് അവർ (കപടൻമാർ) പറയും: ഞങ്ങൾ നിങ്ങളോടൊപ്പമായിരുന്നില്ലേ? അവർ (സത്യവിശ്വാസികൾ) പറയും: അതെ; പക്ഷേ, നിങ്ങൾ നിങ്ങളെ തന്നെ കുഴപ്പത്തിലാക്കുകയും (മറ്റുള്ളവർക്ക് നാശം വരുന്നത്) പാർത്തുകൊണ്ടിരിക്കുകയും (മതത്തിൽ) സംശയിക്കുകയും അല്ലാഹുവിന്റെ ആജ്ഞ വന്നെത്തുന്നതുവരെ വ്യാമോഹങ്ങൾ നിങ്ങളെ വഞ്ചിക്കുകയും ചെയ്തു. അല്ലാഹുവിന്റെ കാര്യത്തിൽ പരമവഞ്ചകനായ പിശാച് നിങ്ങളെ വഞ്ചിച്ചു കളഞ്ഞു" (അൽഹദീദ് 14).

അതായത്, ഇഹലോകത്ത് സത്യവിശ്വാസികളുടെ ഇടയിൽ ജീവിച്ചവരാണ് ഈ കപടവിശ്വാസികൾ എന്ന് അവർ സമ്മതിക്കും. എന്നാൽ ഈ സഹവാസം ബാഹ്യമായിട്ടാണെന്നു മാത്രം. അവരോടൊപ്പം എല്ലാ സൽകർമങ്ങളിലും യുദ്ധങ്ങളിലും സന്ധിസംഭാഷണങ്ങളിലും പങ്കുകൊണ്ട് ബാഹ്യമായി അവരോടൊപ്പം ജീവിച്ചു. എന്നാൽ വിശ്വാസി



കൾക്ക് ലഭിച്ച ആശ്വാസത്തിന്റെ ആ പ്രകാശം പരലോകത്തു വെച്ച് ഈ കപടന്മാർക്ക് ലഭിച്ചില്ല. അതിനുള്ള കാരണങ്ങളിലേക്കാണ് ഈ വചനം വിരൽചൂണ്ടുന്നത്. നാലു കാരണങ്ങളാണ് ഇവിടെ ഉണർത്തിയത്. കാപട്യത്തിലേക്കുള്ള വാതിലുകളായി അതിനെ ചില ഖുർആൻ വ്യാഖ്യാതാക്കൾ പരിചയപ്പെടുത്തിയതു കാണാം. അവയെക്കുറിച്ച് നാമോരോരുത്തരും മനസ്സിരുത്തി ചിന്തിക്കേണ്ടതുണ്ട്. അവ എന്തൊക്കെയാണെന്ന് നോക്കാം:

**1. സ്വന്തത്തെ കുഴപ്പത്തിലാക്കൽ**

വിശ്വാസികൾക്കിടയിലും സത്യനിഷേധികൾക്കിടയിലും ഒരുപോലെ സ്വീകാര്യത ലഭിക്കുന്നതിനായി ആ കപടന്മാർ സന്ദർഭത്തിനനുസരിച്ച് കോലം മാറും. മനസ്സ് സദാ സത്യനിഷേധികളോടൊപ്പമായിരിക്കും. എന്നാൽ ബാഹ്യമായി അവർ വിശ്വാസികൾക്കൊപ്പവും. സ്വന്തം മനസ്സ് വിശ്വാസികളിലേക്ക് ചായുന്നതായി തോന്നിയാൽ വെറുപ്പിന്റെ ചിന്ത കൊണ്ട് അതിനെയെല്ലാം അസാധുവാക്കും. ഭൗതിക ജീവിതം പരമാവധി ആസ്വദിച്ചു കഴിയുകയാണ് അവരുടെ ലക്ഷ്യം. അതിനായി ഏതറ്റംവരെയും പോകും. ആ ചെയ്യുന്ന പ്രവൃത്തി നിഷിദ്ധമാണോ അല്ലേ എന്നതൊന്നും അവർക്ക് പ്രശ്നമാകില്ല. നിഷിദ്ധങ്ങളുമായി രാജിയായി കഴിയുക. അങ്ങനെ ആസ്വദിച്ചും കുറ്റകൃത്യങ്ങളിലേർപ്പെട്ടും അവർ സ്വന്തത്തെ വഴികേടിലാക്കി.

**2. മറ്റുള്ളവരുടെ നാശത്തിനായി കാത്തിരിക്കൽ**

കപടവിശ്വാസികളിലുണ്ടായ രണ്ടാമത്തെ സ്വഭാവമായി എണ്ണിയത് മറ്റുള്ളവരുടെ നാശത്തിനായി ആഗ്രഹിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്യുക എന്നതാണ്. പ്രത്യേകിച്ച് വിശ്വാസികളുടെ നാശം. വിശ്വാസികൾക്ക് ആപത്തു വരുന്നത് ഈ കപടന്മാരെ സന്തോഷിപ്പിച്ചു.

വിശ്വാസികളോട് മനസ്സിൽ ഒരു നിലയ്ക്കുള്ള സ്നേഹവുമില്ല. തരംകിട്ടിയാൽ അവരെ ഉപദ്രവിക്കുകയും വഞ്ചിക്കുകയും ചെയ്യും. ഇത്തരം ക്രൂരതകളിൽ അവർ ആനന്ദം കണ്ടെത്തി. അതായത് ഒരു സാഡിസ്റ്റ് മനോഭാവം. പ്രമുഖ ഖുർആൻ വ്യാഖ്യാതാവും ഇബ്നു അബ്ബാസി(റ)ന്റെ ശിഷ്യനുമായ ഖതാദഃ (റഹി) ഈ ഭാഗത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞു: "തറബ്ബസ്തും: നിങ്ങൾ സത്യത്തിനും അതിന്റെ ആളുകൾക്കും എതിരിൽ പാർത്തുകൊണ്ടിരുന്നു."

"തങ്ങൾ (ദാനമായി) ചെലവഴിക്കുന്നത് ഒരു ധനനഷ്ടമായി ഗണിക്കുകയും നിങ്ങൾക്ക് കാലക്കേടുകൾ (ആപത്തുകൾ) വരുന്നത് കാത്തിരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം അഅ്റാബികളുടെ കൂട്ടത്തിലുണ്ട്. അവരുടെമേൽ തന്നെയായിരിക്കട്ടെ ഹീനമായ കാലക്കേട്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ" (അത്തൗബ 98).

അതെ, കപടന്മാരായ ആ അഅ്റാബികൾ വിശ്വാസികൾക്ക് കാലക്കേടുകൾ വരുന്നതിനായി കാത്തിരുന്നു. അതവരെ സന്തോഷിപ്പിച്ചു.

ആഇശ(റ)യെ കുറിച്ചുള്ള അപവാദപ്രചാരണത്തിന് നേതൃത്വം നൽകിയത് ഇത്തരം കപടന്മാരാണ്. അതിനുള്ള ഒരവസരത്തിനായി അവർ കാത്തിരുന്നു. അവർ മുസ്‌ലിംകൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നതിനെ ഇഷ്ടപ്പെട്ടു. അത്തരക്കാർക്കുള്ള ശിക്ഷയെ കുറിച്ച് അല്ലാഹു ഓർമപ്പെടുത്തി: "തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുള്ളത്. അല്ലാഹു അറിയുന്നു. നി


**പഠനത്തിന്റെ ഭാഗമായുള്ള സംശയദൂരീകരണമല്ല ഇവിടെ പരാമർശം. ഇത് വസ്‌വാസുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങളാണ്. അല്ലാഹുവോ റസൂലോ ഒരു കാര്യം പറഞ്ഞു എന്ന് വ്യക്തമായി മനസ്സിലാകുന്ന രൂപത്തിൽ മതകാര്യങ്ങൾ അറിയിച്ചാലും അതിൽ നൂറുകൂട്ടം ശർത്വുകളും മറ്റും പിശാച് ഇട്ടുകൊടുക്കുന്നതനുസരിച്ച് ആശയക്കുഴപ്പമുണ്ടാകുന്നതിനെ കുറിച്ചാണ് ഇവിടെ ചർച്ച. അത്തരക്കാരിൽ വിശ്വാസം ദൃഢമായിരിക്കുകയില്ല. അനാവശ്യമായ സംശയങ്ങൾ കാരണം അവരുടെ യക്വീനിനെ (ദൃഢതയെ) അത് ബാധിക്കും. തീരാത്ത സംശയം.**

ങ്ങൾ അറിയുന്നില്ല" (അന്നൂർ 19).

ദുർവൃത്തി ചെയ്യുവരും അത് പ്രചരിപ്പിച്ചവരും ശിക്ഷാർഹരാണെന്നതിൽ സംശയമില്ല. എന്നാൽ ഈ സൂക്തത്തിൽ പറയുന്നത് അത് പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവർക്ക് ഇഹത്തിലും പരത്തിലും ശിക്ഷയുണ്ട് എന്നാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഇത്തരം ഒരു അപവാദപ്രചാരണത്തിന് സോഷ്യൽ മീഡിയയിൽ ഒരു ലൈക് ചെയ്യാലുള്ള ശിക്ഷയും ഇതിൽ പെടുമെന്നറിയുക.

**3. മതകാര്യങ്ങളിൽ സംശയിച്ചു കൊണ്ടേയിരിക്കൽ**

പഠനത്തിന്റെ ഭാഗമായുള്ള സംശയദൂരീകരണമല്ല ഇവിടെ പരാമർശം. ഇത് വസ്‌വാസുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങ



ളാണ്. അല്ലാഹുവോ റസൂലോ ഒരു കാര്യം പറഞ്ഞു എന്ന് വ്യക്തമായി മനസ്സിലാകുന്ന രൂപത്തിൽ മതകാര്യങ്ങൾ അറിയിച്ചാലും അതിൽ നൂറുകൂട്ടം ശർത്വുകളും മറ്റും പിശാച് ഇട്ടുകൊടുക്കുന്നതനുസരിച്ച് ആശയക്കുഴപ്പമുണ്ടാകുന്നതിനെ കുറിച്ചാണ് ഇവിടെ ചർച്ച. അത്തരക്കാരിൽ വിശ്വാസം ദൃഢമായിരിക്കുകയില്ല. അനാവശ്യമായ സംശയങ്ങൾ കാരണം അവരുടെ യക്വീനിനെ (ദൃഢതയെ) അത് ബാധിക്കും. തീരാത്ത സംശയം. പരലോകവിശ്വാസം പോലും ദൃഢമായിരിക്കുകയില്ല. ദൃഢവിശ്വാസത്തിന്റെ ഭാഗമായി ഉണ്ടായിരിക്കേണ്ട തവക്കുലും മറ്റും അത്തരക്കാരിൽ കാണാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ അവരിൽ അനാവശ്യമായ ഭയം കുടികൊള്ളും.

വിശ്വാസിയുടെ സ്വഭാവമായി അല്ലാഹു പറയുന്നത് കാണുക:

"അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്യുവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ" (അൽഹുജുറാത്ത് 15).

സത്യവിശ്വാസിയുടെ ഗുണമായി ഇവിടെ എടുത്തുപറഞ്ഞത് ശ്രദ്ധിക്കുക. വിശ്വസിച്ചാൽ മാത്രം പോരാ, അതിൽ സംശയിക്കാതിരിക്കുകയും വേണം എന്നാണ് ഈ വചനം പഠിപ്പിക്കുന്നത്. ഈ ദൃഢവിശ്വാസമില്ലായ്മ കാരണം സൽകർമങ്ങളിലേക്ക് ഇറങ്ങിത്തിരിക്കാൻ അവരുടെ മനസ്സ് അവരെ അനുവദിക്കുകയില്ല. അങ്ങനെ സൽകർമങ്ങളിലേക്ക് ക്ഷണിച്ചാൽ ഒഴികഴിവുകൾ പറഞ്ഞ് അതിൽനിന്നും പിന്തിരിഞ്ഞു നിൽക്കാനാണ് അവർക്കിഷ്ടം. പ്രവാചകനോടൊപ്പമുള്ള ധർമസമരത്തിൽനിന്നും മാറിനിൽക്കാൻ ഒഴികഴിവ് കണ്ടെത്തി അനുവാദം ചോദിച്ച സംശയാലുക്കളായ ഒരുകൂട്ടരെ അല്ലാഹു കുറ്റപ്പെടുത്തുന്നു:

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാരോ അവർ തങ്ങളുടെസ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾകൊണ്ടും സമരം ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ നിന്നോട് അനുവാദം ചോദിക്കുകയില്ല. സൂക്ഷ്മത പാലിക്കുന്നവരെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരിക്കുകയും മനസ്സുകളിൽ സംശയം കുടികൊള്ളുകയും ചെയ്യുന്നവർ മാത്രമാണ് നിന്നോട് അനുവാദം ചോദിക്കുന്നത്. കാരണം അവർ അവരുടെ സംശയത്തിൽ ആടിക്കളിച്ച് കൊണ്ടിരിക്കുകയാണ്" (അത്തൗബ 44,45).

(തുടരും)

**വിശ്വസിച്ചാൽ മാത്രം പോരാ, അതിൽ സംശയിക്കാതിരിക്കുകയും വേണം എന്നാണ് ഈ വചനം പഠിപ്പിക്കുന്നത്. ഈ ദൃഢവിശ്വാസമില്ലായ്മ കാരണം സൽകർമങ്ങളിലേക്ക് ഇറങ്ങിത്തിരിക്കാൻ അവരുടെ മനസ്സ് അവരെ അനുവദിക്കുകയില്ല. അങ്ങനെ സൽകർമങ്ങളിലേക്ക് ക്ഷണിച്ചാൽ ഒഴികഴിവുകൾ പറഞ്ഞ് അതിൽനിന്നും പിന്തിരിഞ്ഞു നിൽക്കാനാണ് അവർക്കിഷ്ടം. പ്രവാചകനോടൊപ്പമുള്ള ധർമസമരത്തിൽനിന്നും മാറിനിൽക്കാൻ ഒഴികഴിവ് കണ്ടെത്തി അനുവാദം ചോദിച്ച സംശയാലുക്കളായ ഒരുകൂട്ടരെ അല്ലാഹു കുറ്റപ്പെടുത്തുന്നു:**



# മുഹമ്മദ് നബി(സ്വ)യുടെ ആഗമനവും യഹൂദരും

**ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ**
: 9497385707

**ചരിത്രത്തിലേക്ക്**

ഇബ്റാഹീം നബി(അ)യുടെ സന്താനപരമ്പരയിൽപെട്ട പ്രവാചന്മാരായ ഇസ്ഹാക്(അ), യഅ്ക്വൂബ്(അ) തുടങ്ങിയവരുമായിട്ടാണ് യഹൂദികൾ ചരിത്രപരമായി ബന്ധപ്പെടുന്നത്. ഹിബ്രു ഭാഷയിൽ ഇതിന്റെ ശരിയായ ഉച്ചാരണം യഹൂദീം എന്നാണ്. പ്രവാചകനായിരുന്ന യഅ്ക്വൂബ്(അ) ഇസ്റാഈൽ എന്ന നാമധേയത്തിലും അറിയപ്പെട്ടിരുന്നു. ഈ നാമവുമായി ബന്ധപ്പെടുത്തിയാണ് യഹൂദികളെ അഥവാ ജൂതന്മാരെ ബനൂഇസ്റാഈൽ (ഇസ്രയേൽ സന്തതികൾ) എന്ന് വിളിക്കുന്നത്.

ഇബ്നു അബ്ബാസി(റ)വിന്റെ അഭിപ്രായത്തിൽ ഇസ്റാഈൽ എന്ന പദം അനറബി ഭാഷയാണ്. അല്ലാഹുവിന്റെ ദാസൻ എന്ന അർഥത്തെ ഇത് സൂചിപ്പിക്കുന്നു. ഹിബ്രു ഭാഷയിൽ 'അസറ' എന്നതുകൊണ്ട് ദാസനെന്നും 'ഈൽ' എന്നതുകൊണ്ട് അല്ലാഹുവിനെയും വിവക്ഷിക്കുന്നു. യഅ്ക്വൂബ്(അ) നബിയുടെ ജീവിതം ഫലസ്ത്വീനിലായിരുന്നു. ഇസ്ഹാകി(അ)ന്റെ പിൻഗാമിയായി യഅ്ക്വൂബ് പിറക്കുമെന്ന സന്തോഷവാർത്ത മലക്കുകൾ ഇബ്റാഹിം നബി(അ)ക്ക് നൽകിയിരുന്നതായി ക്വുർആനിൽ പ്രസ്താവിച്ചുകാണാം. അല്ലാഹു പറയുന്നു:

"അദ്ദേഹത്തിന്റെ (ഇബ്റാഹീം നബിയുടെ) ഭാര്യ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവൾ ചിരിച്ചു. അപ്പോൾ അവൾക്ക് ഇസ്ഹാകിനെപ്പറ്റിയും ഇസ്ഹാകിന്റെ പിന്നാലെ യഅ്ക്വുബിനെപ്പറ്റിയും നാം സന്തോഷവാർത്ത അറിയിച്ചു. അവൾ പറഞ്ഞു: 'കഷ്ടം! ഞാനൊരു കിഴവിയായിട്ടും പ്രസവിക്കുകയോ? എന്റെ ഭർത്താവ് ഇതാ ഒരു വൃദ്ധൻ! തീർച്ചയായും ഇതൊരു അത്ഭുതകരമായ കാര്യം തന്നെ.' അവർ (ദൂതന്മാർ) പറഞ്ഞു: 'അല്ലാഹുവിന്റെ കൽപനയെപ്പറ്റി നീ അത്ഭുതപ്പെടുകയോ? ഹേ; വീട്ടുകാരേ, നിങ്ങളിൽ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹങ്ങളുമുണ്ടായിരിക്കട്ടെ. തീർച്ചയായും അവൻ സ്തുത്യർഹനും മഹത്ത്വമേറിയവനും ആകുന്നു" (ഹൂദ്: 71-74). ബൈബിളിൽ 'ഇസ്റായേൽ മക്കൾ' എന്ന് സംബോധ ചെയ്യപ്പെട്ടിരുന്ന ഈ ജന

**വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത സംസ്കാരങ്ങളിൽ താമസിക്കേണ്ടിവന്നതിലൂടെ വിശ്വാസപരമായ വിഷയങ്ങളിൽ യഹൂദർ അടിസ്ഥാനപരമായി ഏതെങ്കിലും ദർശനങ്ങളിൽ അടിയുടച്ചുവിശ്വസിക്കുന്ന സ്വഭാവക്കാരല്ലായിരുന്നു. ഫലസ്തീനിൽ ജീവിക്കുമ്പോൾ അവിടുത്തെ വിവിധ മതസ്ഥരുടെ ആരാധനാനുഷ്ഠാനങ്ങളിൽനിന്നും തങ്ങൾക്ക് ഇഷ്ടമുള്ളത് സ്വീകരിച്ചും, ഇറാക്കിലെ ജീവിതകാലത്ത് ഇറാക്കികളുടെ ആചാരങ്ങളിൽനിന്നും ചിലത് ഉൾക്കൊണ്ടുമൊക്കെയായിരുന്നു ഇവർ ദർശങ്ങളെ ചിട്ടപ്പെടുത്തിയിരുന്നത്. കിഴക്കോട്ടു തിരിഞ്ഞുനിന്ന് സൂര്യനെ ആരാധിക്കുന്ന സ്വഭാവത്തിൽനിന്നും യൂശഅ്(അ) ഇവരെ തടഞ്ഞിരുന്നതായി ബൈബിളിൽ കാണാം.**

സമൂഹം ഖുർആനിലും വളരെയേറേ പരാമർശിക്കപ്പെട്ടിട്ടുള്ള വിഭാഗമാണ്.

എണ്ണത്തിൽ പൊതുവേ കുറവായിരുന്ന ഇവർ ദേശാടന സ്വഭാവത്തിലുള്ള ജീവിതശൈലി സ്വീകരിച്ചിരുന്നവരായിരുന്നു. അതിനാൽതന്നെ ഇവർ എവിടെയും ഭരണാധിപത്യം സ്ഥാപിച്ചിരുന്നതായി വ്യക്തമല്ല. ഫലസ്തീൻ, ജോർദാൻ, സീനായ് തുടങ്ങി വിവിധപ്രദേശങ്ങളിൽ തമ്പടിച്ചിരുന്ന ഇവർ അറേബ്യൻ ദ്വീപിലെ യസ്‌രിബിലും ഖൈബറിലും നിവസിച്ചിരുന്നതായി ചരിത്രത്തിൽ വ്യക്തമാകുന്നു.

വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത സംസ്കാരങ്ങളിൽ താമസിക്കേണ്ടിവന്നതിലൂടെ വിശ്വാസപരമായ വിഷയങ്ങളിൽ യഹൂദർ അടിസ്ഥാനപരമായി ഏതെങ്കിലും ദർശനങ്ങളിൽ അടിയുടച്ചുവിശ്വസിക്കുന്ന സ്വഭാവക്കാരല്ലായിരുന്നു. ഫലസ്തീനിൽ ജീവിക്കുമ്പോൾ അവിടുത്തെ വിവിധ മതസ്ഥരുടെ ആരാധനാനുഷ്ഠാനങ്ങളിൽനിന്നും തങ്ങൾക്ക് ഇഷ്ടമുള്ളത് സ്വീകരിച്ചും, ഇറാക്കിലെ ജീവിതകാലത്ത് ഇറാക്കികളുടെ ആചാരങ്ങളിൽനിന്നും ചിലത് ഉൾക്കൊണ്ടുമൊക്കെയായിരുന്നു ഇവർ ദർശങ്ങളെ ചിട്ടപ്പെടുത്തിയിരുന്നത്. കിഴക്കോട്ടു തിരിഞ്ഞുനിന്ന് സൂര്യനെ ആരാധിക്കുന്ന സ്വഭാവത്തിൽനിന്നും യൂശഅ്(അ) ഇവരെ തടഞ്ഞിരുന്നതായി ബൈബിളിൽ കാണാം. (രാജാക്കന്മാർ:2,23:4,5-6).

ഹിബ്രു(എബ്രായ) ഭാഷയിലുള്ള തോറ(തൗറാത്ത്)യിലാണ് ഇവർ വിശ്വാസമർപ്പിച്ചിരുന്നത്. ഇസ്രയേൽ ജനത ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനതയാണെന്നും, ഇവർ മറ്റുള്ള രാഷ്ട്രങ്ങൾക്ക് വിളക്കായി പ്രവർത്തിക്കേണ്ടവരാണെന്നുള്ള വിശ്വാസം യഹൂദമതത്തിന്റെ മൗലിക തത്ത്വമാണ്.

ചതി, വഞ്ചന, കളവ് കെട്ടിച്ചമക്കൽ, ലുബ്ധ്, സ്രഷ്ടാവിനെതിരെ ആരോപണമുന്നയിക്കുക, പ്രവാചകന്മാരെ കൊലപ്പെടുത്തുക തുടങ്ങിയ മലീമസസ്വഭാവങ്ങളുടെ വക്താക്കളായിട്ടാണ് യഹൂദർ ചരിത്രത്തിൽ അറിയപ്പെടുന്നത്. ദുഷ്ടതയുടെ പ്രതീകമായിരുന്ന ഇവർ തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട





**പ്രവാചകന്മാരാൽ പ്രബോധനം ചെയ്യപ്പെട്ട അധ്യാപനങ്ങൾക്ക് വിരുദ്ധമായ നിലപാടുകളും വിശ്വാസങ്ങളുമായിരുന്നു ജൂതസമൂഹം ചരിത്രത്തിലെമ്പാടും സ്വീകരിച്ചിരുന്നത്. ഇസ്രയേൽ സമൂഹം ദൈവത്തിനാൽ നിയുക്തമായ പ്രത്യേക സമൂഹമാണെന്ന് അഭിമാനിക്കുക മാത്രമല്ല, ഇസ്രയേല്യരല്ലാത്ത മുഴുവൻ ജനതയും തങ്ങളുടെ സേവനത്തിനായി സൃഷ്ടിക്കപ്പെട്ടവരാണെന്ന ഭാവവുമായിരുന്നു അവർക്ക്. ഈ കുടിലവിശ്വാസങ്ങളുടെ സംസ്ഥാപനത്തിനായി ഭൂമുഖത്ത് ഇവർ നടത്തിയ കൊലയും കൊള്ളിവെപ്പും ഇന്നോളം കൈക്കൊണ്ടുവരുന്ന ഹീനനയങ്ങളും തുല്യതയില്ലാത്തതാണ്.**

യഹ്‌യാ നബി(അ)യെ ക്രൂരമായി വധിച്ചുകളഞ്ഞതായി ചരിത്രം രേഖപ്പെടുത്തുന്നു. അപ്രകാരംതന്നെ സകരിയ്യ നബി(അ)യുടെ ജീവനും ഇവർ അപഹരിച്ചു. ഈസബ്നു മർയമി(അ)നെ വധിക്കുവാൻ ഇവർ നടത്തിയ ഹീനശ്രമങ്ങൾ ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

തുടക്കം മുതൽതന്നെ ഈ ജനത സ്വീകരിച്ചുവന്ന മൃഗീയ സ്വഭാവങ്ങളും മനുഷ്യത്വരഹിത പ്രവർത്തനങ്ങളും മഹദ്‌വ്യക്തികൾക്കെതിരിലുള്ള ഗൂഢാലോചനകളും കാരണം സ്രഷ്ടാവ് ഇവരെ ശപിച്ചിരിക്കുന്നതായി ക്വുർആനിൽ വിവിധസ്ഥലങ്ങളിൽ പറയുന്നുണ്ട്.

പ്രവാചകന്മാരാൽ പ്രബോധനം ചെയ്യപ്പെട്ട അധ്യാപനങ്ങൾക്ക് വിരുദ്ധമായ നിലപാടുകളും വിശ്വാസങ്ങളുമായിരുന്നു ജൂതസമൂഹം ചരിത്രത്തിലെമ്പാടും സ്വീകരിച്ചിരുന്നത്. ഇസ്രയേൽ സമൂഹം ദൈവത്തിനാൽ നിയുക്തമായ പ്രത്യേക സമൂഹമാണെന്ന് അഭിമാനിക്കുക മാത്രമല്ല, ഇസ്രയേല്യരല്ലാത്ത മുഴുവൻ ജനതയും തങ്ങളുടെ സേവനത്തിനായി സൃഷ്ടിക്കപ്പെട്ടവരാണെന്ന ഭാവവുമായിരുന്നു അവർക്ക്. ഈ കുടിലവിശ്വാസങ്ങളുടെ സംസ്ഥാപനത്തിനായി ഭൂമുഖത്ത് ഇവർ നടത്തിയ കൊലയും കൊള്ളിവെപ്പും ഇന്നോളം കൈക്കൊണ്ടുവരുന്ന ഹീനനയങ്ങളും തുല്യതയില്ലാത്തതാണ്.

മുഹമ്മദ് നബി(സ)ക്ക് മുമ്പ് ജൂതസമൂഹം സത്യവിശ്വാസികൾക്കെതിരിൽ കൈക്കൊണ്ടിരുന്ന നിലപാടുകളും അക്രമങ്ങളും അനീതിയും മുൻകാല വേദഗ്രന്ഥങ്ങളിൽ സുവ്യക്തമായി പ്രതിപാദിക്കപ്പെട്ടിരുന്നു. എന്നാൽ ഇതിന്റെ അപകടം മനസ്സിലാക്കിയ ഇവരിലെ പുരോഹിതസമൂഹം അത്തരത്തിലുള്ള പരാമർശങ്ങളെയും പ്രവചനങ്ങളെയും വേദഗ്രന്ഥങ്ങളിൽനിന്നും നീക്കം ചെയ്യുകയും അവശേഷിക്കുന്ന ദൈവികവചനങ്ങളെ തങ്ങൾക്ക് അനുസൃതമായ രീതിയിൽ വ്യാഖ്യാനിക്കുകയും ചെയ്തു. മേൽവിവരിക്കപ്പെട്ട മ്ലേച്ഛ സ്വഭാവങ്ങൾക്ക് പുറമെ, മോഷണം, കൊള്ള തുടങ്ങിയവയും യഹൂദസമൂഹത്തിന്റെ മുഖ്യ ഹോബിയായിരുന്നു. ദൈവനിഷേധികളായും ദേഹേച്ഛയെ ആരാധിച്ചും ജീവിതം തള്ളിനീക്കിയ യഹൂദസമൂഹത്തിന്റെ വിക്രിയകളെ സംബന്ധിച്ച് ബൈബിൾ പഴയനിയമത്തിൽ വിവിധ സ്ഥലങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

**മുഹമ്മദ് നബി(സ്വ)യുടെ ആഗമനവും യഹൂദരും**

അറേബ്യൻ ഉപദ്വീപിൽ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്ക് പുനരാവർത്തനം കുറിക്കപ്പെട്ടു. ലോകമനുഷ്യർക്കാകമാനം ദൈവിക സന്ദേശവുമായി മുഹമ്മദ് നബി(സ്വ) നിയോഗിതനായി. തൗറാത്ത് ഉൾപ്പെടെയുള്ള മുൻകാല വേദഗ്രന്ഥങ്ങളിൽനിന്നും ഒരു പ്രവാചകന്റെ ആഗമനത്തെക്കുറിച്ചുള്ള പരിജ്ഞാനം നേടിയിരുന്ന യഹൂദസമൂഹം, നിയുക്തനായ പ്രവാചകൻ യഹൂദപാരമ്പര്യത്തിൽനിന്നുമല്ല ആഗതനായിട്ടുള്ളതെന്ന പ്രഥമകാരണത്താൽതന്നെ മുഹമ്മദ് നബി(സ്വ)യെ ശക്തിയുക്തം എതിർക്കാൻ തുടങ്ങി. വേദഗ്രന്ഥങ്ങളും മുൻകാല പ്രവാചകന്മാരും നൽകിയ സുവാർത്തകൾ യഹൂദസമൂഹത്തിന് ഒരു വിഷയമായി ഭവിച്ചില്ല. വേദഗ്രന്ഥങ്ങളോടും പ്രവാചകാധ്യാപനങ്ങളോടും അവർക്കുള്ള കാപട്യനിലപാട് നബി(സ്വ)യുടെ വിഷയത്തിലും അവർ പ്രാവർത്തികമാക്കി. ദൈവനിയുക്തനായ പ്രവാചകനെതിരിൽ അപരാധങ്ങളും അപവാദങ്ങളും അക്രമവും ഭീഷണിയും സൃഷ്ടിച്ചുവിടുന്നതിൽ അറേബ്യയിലെ യഹൂദസമൂഹം മുൻപന്തിയിലായിരുന്നു.

ജനങ്ങൾ ഇസ്‌ലാം സ്വീകരിക്കാതിരിക്കുന്നതിനും സത്യനിഷേധത്തിൽ തന്നെ അടിയുറക്കുന്നതിനും തങ്ങളാൽ കഴിയുന്ന കുതന്ത്രങ്ങളെല്ലാം യഹൂദികൾ നിർവഹിച്ചുകൊണ്ടിരുന്നു. അല്ലാഹു പറയുന്നു: "വേദത്തിൽനിന്ന് ഒരു വിഹിതം നൽകപ്പെട്ടവരെ നീ നോക്കിയില്ലേ? അവർ ക്ഷുദ്രവിദ്യകളിലും (ജിബ്ത്ത്) ദുർമൂർത്തികളിലും (ത്വാഗൂത്ത്) വിശ്വസിക്കുന്നു. സത്യനിഷേധികളെപ്പറ്റി അവർ പറയുന്നു; ഇക്കൂട്ടരാണ് വിശ്വാസികളെക്കാൾ നേർമാർഗം പ്രാപിച്ചവരെന്ന്. എന്നാൽ അവരെയാണ് അല്ലാഹു ശപിച്ചിരിക്കുന്നത്..." (അന്നിസാഅ് 51,52).

മക്കാമുശ്‌രിക്കുകളെക്കാൾ വഴിപിഴച്ചവരായി മുഹമ്മദ് നബി(സ്വ)യിൽ വിശ്വസിച്ചവരെ കണക്കാക്കുവാനും മുസ്‌ലിംകളെ അപേക്ഷിച്ച് മുശ്‌രിക്കുകളാണ് കൂടുതൽ സന്മാർഗചാരികളെന്ന് വാദിക്കുവാനും മാത്രം അധഃപതിച്ചുപോയ യഹൂദന്മാരെയാണ് ഇവിടെ ഉദാഹരിക്കുന്നത്.

ഒരുഭാഗത്ത് ശിർക്കിന്റെയും വിഗ്രഹപൂജയുടെയും ലാഞ്ഛനയേൽക്കാത്ത തൗഹീദും മറുഭാഗത്ത് പരസ്യമായ ബഹുദൈവാരാധനയും അവർ കണ്ടുകൊണ്ടിരിക്കുന്നു. കൈകടത്തപ്പെട്ടതാണെങ്കിലും തൗറാത്തിൽ ബഹുദൈവ ചിന്താഗതിയെ ശക്തിയുക്തം വിമർശിക്കുന്ന വചനങ്ങൾ അവശേഷിക്കുന്നു. എന്നിട്ടും യഹൂദപണ്ഡിതന്മാർ തുടർന്നുകൊണ്ടിരിക്കുന്ന ശാഠ്യബുദ്ധിയാണ് ഇവിടെ വിഷയീഭവിക്കുന്നത്. തങ്ങളുടെ ബഹുദൈവ വിശ്വാസത്തിന് യഹൂദസമൂഹത്തിലെ പണ്ഡിതന്മാരോട് അഭിപ്രായമാരാഞ്ഞിരുന്ന ബഹുദൈവ വിശ്വാസികളോട് മുഹമ്മദി(സ്വ)ന്റെ പുതിയ മതത്തേക്കാളും നല്ലത് നിങ്ങൾ നിലകൊണ്ടിട്ടുള്ള ശിർക്കൻ വിശ്വാസമാണെന്ന ആശ്വാസവചനം നൽകുന്ന യഹൂദസമൂഹത്തിന്റെ കാപട്യവും ദുർബുദ്ധിയും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ദുർമന്ത്രവാദം, മിഥ്യ, അടിസ്ഥാനരഹിതം, നിഷ്ഫലം, അന്ധവിശ്വാസങ്ങൾ തുടങ്ങിയ, ഇസ്‌ലാമിന്റെ ഭാഷയിൽ അടിസ്ഥാനരഹിതവും അന്ധവിശ്വാസജന്യവുമായ എല്ലാ ഊഹാപോഹങ്ങൾക്കുമുള്ള സമഗ്രസംജ്ഞയാണ് ജിബ്ത്ത്. യഹൂദർ ഇതിന്റെയെല്ലാം വക്താക്കളായിരുന്നുവെന്നു സാരം.

തങ്ങളുടെ മുൻകാല പ്രവാചകന്മാർ പ്രവചിച്ച 'അഹ്മദി'ന്റെ ആഗമനത്തെ യഹൂദർ അക്ഷമരായി കാത്തിരിക്കുകയായിരുന്നു. ആ പ്രവാചകൻ വേഗം വരേണമേയെന്നും അങ്ങനെ അവിശ്വാസികളുടെ ശക്തി ക്ഷയിച്ച് തങ്ങൾക്ക് വീണ്ടും പുരോഗതി ലഭിക്കേണമേയെന്നും അവർ പ്രാർഥിച്ചുകൊണ്ടേയിരുന്നു. തിരുനബി(സ്വ)യുടെ ആഗമനത്തിനു മുമ്പ് തങ്ങളുടെ അയൽവാസികളായ യഹൂദർ, വരാനിരിക്കുന്ന ഒരു പ്രവാചകനെക്കുറിച്ചുള്ള പ്രതീക്ഷയിലാണ് ജീവിച്ചിരുന്നത് എന്നതിന് മദീനയിലെ സമൂഹം തന്നെ സാക്ഷികളാണ്.

മദീനയിലെ അറബികളോട് യഹൂദർ ഇങ്ങനെ ആവർത്തിച്ചിരുന്നു: 'ഇന്ന് ആർക്കുവേണമെങ്കിലും ഞങ്ങളോട് അനിഷ്ടം പ്രവർത്തിക്കാം. ആ പ്രവാചകന്റെ ആഗമനത്തിനുശേഷം അക്രമികളെ ഞങ്ങൾ ഒരു പാഠം പഠിപ്പിക്കും...' ഈ മുന്നറിയിപ്പുകൾ സാധാരണ കേൾക്കാറുണ്ടായിരുന്ന മദീനാവാസികൾ ഇതിനാൽതന്നെ 'യഹൂദർ നമ്മെ മുൻകടക്കരുത്, ആ പ്രവാചകനെ അനുഗമിക്കുന്നതിൽ നമുക്ക് മുൻകടക്കാം...' എന്നിങ്ങനെ പരസ്പരം ഉപദേശിക്കാറുണ്ടായിരുന്നു. വരാനിരിക്കുന്ന പ്രവാചകനെ പ്രതീക്ഷിച്ച് ദിനരാത്രങ്ങൾ എണ്ണിക്കഴിഞ്ഞിരുന്ന യഹൂദർ, പ്രവാചകൻ മുഹമ്മദ്(സ്വ) ആഗതനായതോടെ അദ്ദേഹത്തിന്റെ കടുത്ത ശത്രുക്കളായി മാറിയത് മദീനക്കാരെ വിസ്മയിപ്പിച്ചു.

**സ്വഫിയ്യ(റ) ഉദ്ധരിക്കുന്ന സംഭവം**

ആഗതനായ പ്രവാചകനെ യഹൂദരും മദീനക്കാരും ശരിക്കും തിരി

**ഒരുഭാഗത്ത് ശിർക്കിന്റെയും വിഗ്രഹപൂജയുടെയും ലാഞ്ഛനയേൽക്കാത്ത തൗഹീദും മറുഭാഗത്ത് പരസ്യമായ ബഹുദൈവാരാധനയും അവർ കണ്ടുകൊണ്ടിരിക്കുന്നു. കൈകടത്തപ്പെട്ടതാണെങ്കിലും തൗറാത്തിൽ ബഹുദൈവ ചിന്താഗതിയെ ശക്തിയുക്തം വിമർശിക്കുന്ന വചനങ്ങൾ അവശേഷിക്കുന്നു. എന്നിട്ടും യഹൂദപണ്ഡിതന്മാർ തുടർന്നുകൊണ്ടിരിക്കുന്ന ശാഠ്യബുദ്ധിയാണ് ഇവിടെ വിഷയീഭവിക്കുന്നത്. തങ്ങളുടെ ബഹുദൈവ വിശ്വാസത്തിന് യഹൂദസമൂഹത്തിലെ പണ്ഡിതന്മാരോട് അഭിപ്രായമാരാഞ്ഞിരുന്ന ബഹുദൈവ വിശ്വാസികളോട് മുഹമ്മദി(സ്വ)ന്റെ പുതിയ മതത്തേക്കാളും നല്ലത് നിങ്ങൾ നിലകൊണ്ടിട്ടുള്ള ശിർക്കൻ വിശ്വാസമാണെന്ന ആശ്വാസവചനം നൽകുന്ന യഹൂദസമൂഹത്തിന്റെ കാപട്യവും ദുർബുദ്ധിയും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.**



ച്ചറിഞ്ഞിരുന്നു എന്നതിന് നിരവധി തെളിവുകൾ നിരത്താൻ കഴിയും. ഒരുവലിയ പണ്ഡിതന്റെ പുത്രിയും മറ്റൊരു പണ്ഡിത നേതാവിന്റെ സഹോദര പുത്രിയുമായിരുന്ന വിശ്വാസികളുടെ മാതാവ് സ്വഫിയ്യ(റ) പറയുന്നു: "മദീനയിലെത്തിയ പ്രവാചകനെ സന്ദർശിച്ച ശേഷം വീട്ടിൽ തിരികെയെത്തിയ, എന്റെ പിതാവും പിതൃവ്യനും അന്യോന്യം സംഭാഷണം നടത്തുന്നത് ഞാൻ കേട്ടു.

പിതൃവ്യൻ: 'നമ്മുടെ ദിവ്യഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട പ്രവാചകൻതന്നെയാണോ വാസ്തവത്തിൽ അദ്ദേഹം?' പിതാവ്: 'അതെ ദൈവത്തിൽ സത്യം!' പിതൃവ്യൻ: 'നിങ്ങൾക്കത് ഉറപ്പാണോ?' പിതാവ്: 'തീർച്ചയായും.' പിതൃവ്യൻ: 'എന്നാൽ പിന്നെ എന്താണ് ഉദ്ദേശ്യം?' പിതാവ്: 'ശരീരത്തിൽ ജീവൻ നിലനിൽക്കുന്ന കാലത്തോളം അദ്ദേഹത്തെ കഴിയും വിധമെല്ലാം എതിർക്കും. അദ്ദേഹത്തിന്റെ ലക്ഷ്യം ഇവിടെ നടത്താൻ ഞാൻ അനുവദിക്കില്ല...' (ഇബ്നു ഹിശാം 2:165).

അന്ധമായ പക്ഷപാതവും മർക്കടമുഷ്ടിയും ജൂത സമൂഹത്തിന്റെ ഹൃദയ-മസ്തിഷ്കങ്ങളെ കീഴടക്കിയിരുന്നു എന്നതിന് പ്രത്യക്ഷ തെളിവാണ് ഈ ചരിത്ര സംഭവം. ഈ നിലപാടുകളോടുള്ള ഖുർആനിന്റെ പ്രതികരണം ഇങ്ങനെ വായിക്കാം: "അവരുടെ കൈവശമുള്ള വേദത്തെ ശരിവെക്കുന്ന ഒരു ഗ്രന്ഥം (ഖുർആൻ) അല്ലാഹുവിങ്കൽനിന്ന് അവർക്ക് വന്നുകിട്ടിയപ്പോൾ (അവരത് തള്ളിക്കളയുകയാണ് ചെയ്തത്). അവരാകട്ടെ (അത്തരം ഒരു ഗ്രന്ഥവുമായി വരുന്ന പ്രവാചകൻ മുഖേന) അവിശ്വാസികൾക്കെതിരിൽ വിജയം നേടികൊടുക്കുവാൻ വേണ്ടി മുമ്പ് (അല്ലാഹുവിനോട്) പ്രാർഥിക്കാറുണ്ടായിരുന്നു. അവർക്ക് സുപരിചിതമായ ആ സന്ദേശം വന്നെത്തിയപ്പോൾ അവരത് നിഷേധിക്കുകയാണ് ചെയ്തത്. അതിനാൽ ആ നിഷേധികൾക്കത്രെ അല്ലാഹുവിന്റെ ശാപം. അല്ലാഹു തന്റെ ദാസൻമാരിൽനിന്ന് താൻ ഇച്ഛിക്കുന്നവരുടെ മേൽ തന്റെ അനുഗ്രഹം ഇറക്കിക്കൊടുക്കുന്നതിലുള്ള ഈർഷ്യ നിമിത്തം അല്ലാഹു അവതരിപ്പിച്ച സന്ദേശത്തെ അവിശ്വസിക്കുക വഴി തങ്ങളുടെ ആത്മാക്കളെ വിറ്റുകൊണ്ട് അവർ വാങ്ങിയ വില എത്ര ചീത്ത! അങ്ങനെ അവർ കോപത്തിനുമേൽ കോപത്തിനു പാത്രമായിത്തീർന്നു. സത്യനിഷേധികൾക്കത്രെ നിന്ദ്യമായ ശിക്ഷയുള്ളത്" (അൽബഖറ 2:89,90).

യഹൂദമനസ്സുകളിൽ കുടിയിരുന്ന ശക്തമായ വംശീയത ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. വരാനിരിക്കുന്ന പ്രവാചകൻ തങ്ങളുടെ സമുദായത്തിൽനിന്നായിരിക്കണമെന്നാണ് യഹൂദർ ആശിച്ചിരുന്നത്. എന്നാൽ അതുവരെ നിസ്സാരന്മാരായി കണക്കാക്കിപ്പോരുന്ന മറ്റൊരു ജനതയിൽ അദ്ദേഹം ഭൂജാതനായപ്പോൾ ആ പ്രവാചകനെ നിഷേധിക്കാൻ യഹൂദർ പ്രേരിതരായി. തങ്ങളുമായി ആലോചിച്ചുവേണം അല്ലാഹു പ്രവാചകനെ നിയോഗിക്കേണ്ടത് എന്നായിരുന്നു അവരുടെ മനോഭാവം. ■



ഗാസയിൽ സ്ത്രീകളെയും കുട്ടികളെയും സാധാരണക്കാരെയും കൊന്നുതള്ളിക്കൊണ്ടിരിക്കുന്ന ഇസ്രയേൽ 'കലാപരിപാടി' നിർത്തണോ വേണ്ടേ എന്ന്, അഥവാ പച്ചമനുഷ്യരെ കൊല്ലണോ വേണ്ടേ എന്ന് വോട്ടിനിട്ട സമിതിയെ നമ്മൾ യു.എൻ എന്ന് വിളിക്കുന്നു. ഈ വംശഹത്യ കഴിഞ്ഞാൽ ഇക്കൂട്ടർ നമുക്ക് മനുഷ്യത്വത്തെ പറ്റിയും മനുഷ്യജീവന്റെ മൂല്യത്തെ പറ്റിയും ക്ലാസെടുക്കാൻ വരും. അപ്പോൾ ഇതെല്ലാം നാം ഓർത്തിരിക്കണം. യുദ്ധകാലത്ത് പലരുടെയും മുഖംമൂടി അഴിഞ്ഞു വീഴും!

മനുഷ്യരെ കൊല്ലുന്നത് നിർത്തണോ വേണ്ടേ എന്ന് തീരുമാനിക്കാനായി വോട്ടിനിട്ടപ്പോൾ ഭൂരിപക്ഷം അംഗങ്ങളും മനുഷ്യരെ കൊല്ലുന്നത് നിർത്തണം എന്ന് ആവശ്യപ്പെട്ടതുകണ്ട്, തങ്ങളുടെ വീറ്റോ പവർ ഉപയോഗിച്ച് വംശഹത്യ നിർത്തരുത് എന്ന് തീരുമാനമെടുപ്പിച്ചവരെയാണ് നമ്മൾ അമേരിക്ക എന്നു വിളിക്കുന്നത്. വംശഹത്യ കഴിഞ്ഞാൽ ജനാധിപത്യത്തെ പറ്റിയും തുല്യതയെ പറ്റിയും മാനവികതയെ പറ്റിയും ലോകത്തിന് ഏറ്റവും കൂടുതൽ ക്ലാസെടുക്കാനെത്തുക അവരായിരിക്കും.

അപ്പോൾ ഇതെല്ലാം നാം ഓർത്തിരിക്കണം. യുദ്ധകാലത്ത് പലരുടെയും മുഖംമൂടി അഴിഞ്ഞു വീഴും!

ഫലസ്തീനികൾക്കും ജീവിക്കണം എന്ന് പറഞ്ഞുകൊണ്ട് വംശഹത്യക്കെതിരെ പ്രകടനം നയിച്ച റാലികൾക്കെതിരെ നിരോധന വിജ്ഞാപനം പുറപ്പെടുവിച്ചതും അറസ്റ്റ് ചെയ്തതും ഭീകരരായി മുദ്രകുത്തിയതും ഫ്രാൻസും കാനഡയുമടങ്ങുന്ന 'പുരോഗമന' രാജ്യങ്ങളാണ്. വംശഹത്യ കഴിഞ്ഞാൽ അവരെത്തുന്നത് അഭിപ്രായസ്വാതന്ത്ര്യത്തെ പറ്റിയും എതിരഭിപ്രായങ്ങളെ ബഹുമാനിക്കുന്നതിനെ പറ്റിയുമൊക്കെ ക്ലാസെടുക്കാനായിരിക്കും. അപ്പോൾ ഇതെല്ലാം നാം ഓർത്തിരിക്കണം. യുദ്ധകാലത്ത് പലരുടെയും മുഖംമൂടി അഴിഞ്ഞു വീഴും!

സ്ത്രീകളും കുട്ടികളും ഇഞ്ചിഞ്ചായി കൊലചെയ്യപ്പെടുമ്പോഴും, ഇസ്രയേൽ ജയിലുകളിലും അധിനിവേശ പ്രദേശങ്ങളിലും സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്ന വാർത്തകൾ പുറത്തു വരുമ്പോഴും മൗനം പാലിക്കുന്ന ഭൂരിപക്ഷം വരുന്ന



# ഗാസയിലെ വംശഹത്യയും അഴിഞ്ഞുവീഴുന്ന മുഖംമൂടികളും

**ഡോ. അബ്ദുല്ല ബാസിൽ സി.പി**
: 87141 74330

ഫെമിനിസ്റ്റുകളെയാണ് നമ്മൾ സ്ത്രീപക്ഷ വാദികളെന്ന് വിളിക്കുന്നത്. വംശഹത്യ കഴിയുമ്പോൾ പെണ്ണിന്റെ മൂല്യത്തെ പറ്റിയും അവളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെ പറ്റിയും ക്ലാസെടുക്കാൻ വരുന്നത് അവരായിരിക്കും.

അപ്പോൾ ഇതെല്ലാം നാം ഓർത്തിരിക്കണം. യുദ്ധകാലത്ത് പലരുടെയും മുഖംമൂടി അഴിഞ്ഞു വീഴും!

ഇസ്രയേലിന്റെ ക്രൂരതകളെ പറ്റിയോ അവർ പടച്ചുവിടുന്ന നുണബോംബുകളുടെ നിജസ്ഥിതിയെ പറ്റിയോ തുറന്നെഴുതുമ്പോഴേക്ക് ഷാഡോ ബ്ലോക്കുകളും ബാനും തരുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമു കളാണ് ഇൻസ്റ്റാഗ്രാമും ഫേസ്ബുക്കും ഒരുവേള എക്സും! വംശഹത്യ കഴിഞ്ഞാൽ ഓരോ പൗരനും ഓരോ മാധ്യമപ്രവർത്തകനാകുന്നതിനെ പറ്റിയും അതിനുള്ള അനന്തസാധ്യതകളെ പറ്റിയും നമുക്ക് ക്ലാസെടുക്കാൻ വരുന്നത് അവരായിരിക്കും.

അപ്പോൾ ഇതെല്ലാം നാം ഓർത്തിരിക്കണം. യുദ്ധകാലത്ത് പലരുടെയും മുഖംമൂടി അഴിഞ്ഞു വീഴും!

വംശഹത്യ തുടരുമ്പോൾ, കൊന്നുതള്ളിയ കുഞ്ഞുങ്ങളുടെ എണ്ണം ആയിരങ്ങൾ കടന്ന് കുതിക്കുമ്പോൾ 'Give them hell' എന്ന് അട്ടഹസിച്ചവരും നിരപരാധികളെ കൊല്ലുന്നത് ആസ്വദിച്ചവരും അതിനു വേണ്ടി നുണകൾ പടച്ചവരുമാണ് ജോർദൻ പീറ്റേഴ്സനും ബെൻ ഷപ്പിറോയും അടങ്ങുന്ന കൺസർവേറ്റി വുകൾ. ഇസ്രയേൽ നരഹത്യക്കെതിരെ സംസാരിക്കുന്നതുപോലും ആന്റി സെമിറ്റിസമാണെന്നും അത് അനുവദിച്ചുകൂടെന്നുമാണ് ഇന്നവർ പറയുന്നത്. വംശഹത്യ കഴിഞ്ഞാൽ ജൂത-ക്രൈസ്തവ-മുസ്‌ലിം ഐക്യത്തെ പറ്റി ബിജിഎം ഇട്ട് ക്ലാസെടുക്കാനും ക്യാൻസൽ കൾച്ചറിനെ റോസ്റ്റ് ചെയ്യാനും സത്യങ്ങൾ പറയുന്നതിനെ പല പേരിൽ ചാപ്പ കുത്തുന്നത് പൊള്ളയാണെന്നു പറഞ്ഞ് 'facts doens't care about your feelings' എന്ന് ഡയലോഗടിക്കാനും വരുന്നത് അവരായിരിക്കും.

അപ്പോൾ ഇതെല്ലാം നാം ഓർത്തിരിക്കണം. യുദ്ധക്കാലത്ത് പലരുടെയും മുഖംമൂടി അഴിഞ്ഞു വീഴും!

ഇവരീ പറയുന്നതെല്ലാം പൊള്ളയാണെന്നും, ജനാധിപത്യവും മാനവിക മൂല്യങ്ങളും സ്ത്രീപക്ഷവും ആവിഷ്കാര സ്വാതന്ത്ര്യവുമെല്ലാം തങ്ങൾക്ക് ഉപകാരപ്പെടുമ്പോൾ മാത്രം ബാധമാക്കുന്നതാണെന്നും തിരിച്ചറിയുക. ഗാസയിലെ കുഞ്ഞുങ്ങളുടെ രക്തത്തിന്റെ നിറത്തിൽ ഈ ഇരട്ടത്താപ്പുകൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടും. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 39

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

ٱلَّذِينَ يَسْتَمِعُونَ ٱلْقَوْلَ فَيَتَّبِعُونَ أَحْسَنَهُۥٓ ۚ
أُو۟لَٰٓئِكَ ٱلَّذِينَ هَدَىٰهُمُ ٱللَّهُ ۖ وَأُو۟لَٰٓئِكَ هُمْ أُو۟لُوا۟
ٱلْأَلْبَٰبِ ﴿١٨﴾
أَفَمَنْ حَقَّ عَلَيْهِ كَلِمَةُ ٱلْعَذَابِ أَفَأَنتَ تُنقِذُ
مَن فِى ٱلنَّارِ ﴿١٩﴾
لَٰكِنِ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ لَهُمْ غُرَفٌ مِّن فَوْقِهَا
غُرَفٌ مَّبْنِيَّةٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ وَعْدَ ٱللَّهِ ۖ لَا
يُخْلِفُ ٱللَّهُ ٱلْمِيعَادَ ﴿٢٠﴾
أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَسَلَكَهُۥ
يَنَٰبِيعَ فِى ٱلْأَرْضِ ثُمَّ يُخْرِجُ بِهِۦ زَرْعًا مُّخْتَلِفًا
أَلْوَٰنُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصْفَرًّا ثُمَّ يَجْعَلُهُۥ
حُطَٰمًا ۚ إِنَّ فِى ذَٰلِكَ لَذِكْرَىٰ لِأُو۟لِى
ٱلْأَلْبَٰبِ ﴿٢١﴾

18. അതായത് വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത്. അവർ തന്നെയാകുന്നു ബുദ്ധിമാന്മാർ.
19. അപ്പോൾ വല്ലവന്റെ കാര്യത്തിലും ശിക്ഷയുടെവചനം സ്ഥിരപ്പെട്ടു കഴിഞ്ഞിട്ടുണ്ടെങ്കിൽ (അവനെ നിനക്ക് സഹായിക്കാനാകുമോ?), അപ്പോൾ നരകത്തിലുള്ളവനെ നിനക്ക് രക്ഷപ്പെടുത്താനാകുമോ?
20. പക്ഷേ, തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ച് ജീവിച്ചവരാരോ അവർക്കാണ് മേൽക്കുമേൽ തട്ടുകളായി നിർമിക്കപ്പെട്ടിട്ടുള്ള മണിമേടകളുള്ളത്. അവയുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനമത്രെ അത്. അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല.
21. നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയിലെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു. അനന്തരം അത് മുഖേന വ്യത്യസ്ത വർണങ്ങളിലുള്ള വിള അവൻ ഉൽപാദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീട് അവൻ അതിനെ വൈക്കോൽത്തുരുമ്പാക്കുന്നു. തീർച്ചയായും അതിൽ ബുദ്ധിമാന്മാർക്ക് ഒരു ഗുണപാഠമുണ്ട്.

18). അവർക്ക് സന്തോഷവാർത്തയുണ്ട് എന്ന് പറയുന്നതോടൊപ്പം അവരെ സന്തോഷവാർത്ത അറിയിക്കാൻ അല്ലാഹു കൽപിക്കുകയും ചെയ്യുന്നു. ഈ സന്തോഷത്തിന് അവരെ അർഹരാക്കിയ കാരണങ്ങളും വിശദീകരിക്കുന്നുണ്ട്. (അതിനാൽ എന്റെ ദാസന്മാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക). (അതായത് വാക്ക് ശ്രദ്ധിച്ചുകേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്) 'വാക്കുകൾ' എന്നതിൽ എല്ലാ വാക്കും ഉൾപ്പെടും. അവർ കേൾക്കുന്ന വാക്ക് സ്വീകരിക്കേണ്ടതും ഒഴിവാക്കേണ്ടതും ഏതെല്ലാമാണെന്ന് വേർതിരിച്ച് മനസ്സിലാക്കാൻ അവർ എല്ലാത്തരം വാക്കുകളും ശ്രദ്ധിക്കുന്നു. അതുകൊണ്ട് അവരുടെ മനസ്സിലുള്ളത് അവർ ഏറ്റവും ശരിയായതിനെ പിൻപറ്റുന്നവരാണെ

ന്നാണ്. ഏറ്റവും ശരിയായത് അല്ലാഹുവിന്റെയും പ്രവാചകന്റെയും വചനങ്ങളാണ്. ഖുർആൻതന്നെ അക്കാര്യം പറയുന്നുണ്ട്:

ٱللَّهُ نَزَّلَ أَحْسَنَ ٱلْحَدِيثِ كِتَٰبًا مُّتَشَٰبِهًا

"അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്" (39:23).

ഈ വചനത്തിൽ ഒരു പ്രധാന കാര്യമുണ്ട്. ഇവിടെ പറയപ്പെട്ട ഈ വിഭാഗം; അവർ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുകയും ഏറ്റവും ശരിയായതിനെ പിൻപറ്റുകയും ചെയ്യും. അപ്പോൾ ഒരു ചോദ്യമുണ്ട്, ഏറ്റവും ശരിയായത് മനസ്സിലാക്കാൻ വല്ല വഴിയുമുണ്ടോ? ബുദ്ധിമാന്മാരുടെ വിശേഷണമായി പറഞ്ഞതാണത്. അതിലൂടെ ബുദ്ധിമാന്മാരെ മനസ്സിലാക്കാൻ കഴിയുമോ? അതെ, ഏറ്റവും ശരിയേതാണെന്ന് അല്ലാഹു തന്നെ വ്യക്തമാക്കി:

"അല്ലാഹവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്" (39:23).

(അതായത് വാക്ക് ശ്രദ്ധിച്ചുകേൾക്കുകയും അതിൽ ഏറ്റവുംനല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത്) ഏറ്റവും നല്ല സ്വഭാവവും കർമങ്ങളും ഉള്ളവരാകാൻ. (അവർ തന്നെയാകുന്നു ബുദ്ധിമാന്മാർ) അതായത്, വിവേകമുള്ള മനസ്സുള്ള ആളുകൾ. അവരുടെ ബുദ്ധിയുടെ പ്രത്യേകത ശരിയെ വേർതിരിച്ചു മനസ്സിലാക്കുന്നു എന്നതാണ്. സ്വീകരിക്കേണ്ടത് ഏതെന്ന് അവർ വേർതിരിച്ചറിയും. ഇത് ബുദ്ധിയുടെ അടയാളമാണ്. ഇതല്ലാത്ത മറ്റൊരു അടയാളമില്ല. ശരിയും തെറ്റും വേർതിരിച്ചു മനസ്സിലാക്കാത്തവർ ശരിയായ ബുദ്ധിയുള്ളവരല്ല. എന്നാൽ തന്നിഷ്ടങ്ങൾ ബുദ്ധിയെ കീഴ്പ്പെടുത്തുമ്പോൾ ബുദ്ധി ഇഷ്ടങ്ങൾക്കൊപ്പം നിൽക്കും, നന്മയെ സ്വീകരിക്കില്ല. അവൻ ബുദ്ധികുറഞ്ഞവനാണ്.

19). വഴികേടും അവിശ്വാസവും ധിക്കാരവും മൂലം ശിക്ഷ വിധിക്കപ്പെട്ടവർ ആ വഴികേടിൽ തുടരും. അവനെ സന്മാർഗത്തിലാക്കാൻ നിനക്ക് കഴിയില്ല. നരകത്തിൽനിന്ന് ഒരാളെ രക്ഷപ്പെടുത്താൻ നിനക്കാവില്ല. മറിച്ച്, ആത്യന്തിക നേട്ടവും ആത്യന്തിക വിജയവും അല്ലാഹുവിനെ ഭയപ്പെടുന്നവർക്കാണ്. ആർക്കു വേണ്ടിയാണ് അവൻ ബഹുമാനവും എല്ലാത്തരം ആനന്ദങ്ങളും ഒരുക്കിയിരിക്കുന്നത്? അവർ എത്ര വലിയവരാണെന്ന് ആർക്കും കണക്കാക്കാൻ കഴിയില്ല.

20). (അവർക്കാണ് മണിമേടകളുള്ളത്) അലംകൃതമായ ഉന്നത ഭവനങ്ങൾ. ഭംഗിയും ശോഭയും തെളിമയുമുള്ളത്. അകത്തുനിന്ന് പുറം ദൃശ്യമാവും; പുറത്തുനിന്ന് അകവും. കിഴക്കോ പടിഞ്ഞാറോ ചക്രവാളങ്ങളിൽ കാണപ്പെടുന്ന നക്ഷത്രം കണക്കെ ഉയർന്നുനിൽക്കുന്നവയാണവ. (മേൽക്കുമേൽ തട്ടുകളുള്ള) ഒന്നിനു മുകളിൽ ഒന്നായി നിൽക്കുന്ന. (നിർമിക്കപ്പെട്ട) സ്വർണം, വെള്ളി എന്നിവകൊണ്ട്. അതിന്റെ ചുമരുകൾക്ക് കസ്തൂരിയുടെ ഗന്ധമാണ്.

(താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു) കുത്തിയൊഴുകുന്നത്. തോട്ടത്തിലെ പൂക്കളെയും പരിശുദ്ധമായ വൃക്ഷങ്ങളെയും അവ നനക്കുന്നു. അങ്ങനെ അവയിൽ മധുരപഴങ്ങളും പാകമായ ഫലങ്ങളും കായ്ക്കുന്നു. (അല്ലാഹുവിന്റെ വാഗ്ദാനമത്രെ അത്. അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല) സൂക്ഷ്മത പാലിക്കുന്നവർക്കുള്ള ഈ പ്രതിഫലവാഗ്ദാനം, അത് പൂർത്തിയാക്കപ്പെടും. അവരുടെ ജീവിത സൂക്ഷ്മത അവർ പുലർത്തട്ടെ. അപ്പോൾ അവരുടെ പ്രതിഫലവും പുർത്തിയാക്കപ്പെടും.

21). ബുദ്ധിയുള്ളവരെ ഉദ്ബോധിപ്പിക്കുകയാണ് ഇവിടെ. ആകാശത്തുനിന്ന് അല്ലാഹു മഴയിറക്കുകയും അതിനെ ഉറവകളിൽ പ്രവേശിപ്പിക്കുകയും ചെയ്തു. എളുപ്പത്തിലും സൗകര്യപ്രദമായും വെള്ളമൊഴുക്കാവുന്നവിധം അവയെ ഉറവകളിൽ നിക്ഷേപിച്ചും. (അനന്തരം അത് മുഖേന വ്യത്യസ്ത വർണങ്ങളിലുള്ള വിള അവൻ ഉൽപാദിപ്പിക്കുന്നു) ഗോതമ്പ്, ചോളം, ബാൽലി, നെല്ല് മുതലായവ. (പിന്നെ അത് ഉണങ്ങിപ്പോകുന്നു) പൂർണത പ്രാപിക്കുമ്പോൾ, അല്ലെങ്കിൽ മറ്റെന്തെങ്കിലും വിപത്ത് ബാധിക്കുമ്പോൾ. (അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്കു കാണാം. പിന്നീട് അവൻ അതിനെ വൈക്കോൽത്തുരുമ്പാക്കുന്നു) ഛിന്നഭിന്നമായ. (അതിൽ ബുദ്ധിമാന്മാർക്ക് ഒരു ഉദ്ബോധനവുമുണ്ട്) തങ്ങളുടെ രക്ഷിതാവിന്റെ പരിഗണനയും അവർക്ക് ബോധ്യമാകുന്നു; തന്റെ ദാസന്മാരോട് അവൻ കാണിക്കുന്ന കാരുണ്യവും. അല്ലാഹു അവർക്ക് വെള്ളം ഏർപ്പെടുത്തിക്കൊടുത്തു. ഭൂമിയിൽ അതിനെ ശേഖരിച്ചുവെച്ചു. അവരുടെ ഗുണത്തിനുവേണ്ടി. അല്ലാഹുവിന്റെ കഴിവും അവർക്ക് ബോധ്യമായി. അവൻ നിർജീവമായ ഭൂമിയെ മഴയാൽ ജീവിപ്പിക്കുന്നതുപോലെ മരിച്ചവരെ ജീവിപ്പിക്കും. അതോടൊപ്പം അവർക്ക് ബോധ്യമായ മറ്റൊരു കാര്യം ഇതെല്ലാം ചെയ്യുന്നവൻ മാത്രമാണ് ആരാധനക്കർഹനായവൻ.

അല്ലാഹുവേ, ഇത്തരം ബുദ്ധിമാന്മാരിൽ ഞങ്ങളെ നീ ചേർക്കണം. നീ എടുത്തുപറഞ്ഞവരാണവർ. ബുദ്ധിയാൽ നീ അവർക്ക് സന്മാർഗം നൽകി. നിന്റെ ഗ്രന്ഥത്തിന്റെ രഹസ്യങ്ങൾ അവർക്ക് നീ കാണിച്ചുകൊടുത്തു; നിന്റെ ദൃഷ്ടാന്തങ്ങളുടെ അത്ഭുതവും. പലരും അത് മന്സ്സിലാക്കിയിട്ടില്ല. നീ അത്യധികം നൽകുന്നവൻ തന്നെ.



# പൊലീസിന്റെ കർത്തവ്യങ്ങൾ

അബൂ ആദം അയ്മൻ

### പൊലീസ് സ്റ്റേഷൻ

പൊലീസ് സ്റ്റേഷനുകൾ പൊലീസിന്റെ കർത്തവ്യനിർവഹണത്തിനായും പൊലീസ് സേവനങ്ങൾ ആവശ്യമായിവരുന്ന പൊതുജനങ്ങൾക്കുവേണ്ടിയും സദാ പ്രവർത്തനക്ഷമവും ജാഗരൂകവുമായിരിക്കേണ്ടതാണ്.

സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ വനിതാ പൊലീസ് സ്റ്റേഷനുകളും ഉണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുകയും, സ്ത്രീകൾക്കെതിരായ അക്രമങ്ങൾ ഫലപ്രദമായി തടയുകയും, അവർ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്ത് വേഗത്തിൽ പരിഹാരം കാണുകയും ചെയ്യുക ലക്ഷ്യമാക്കിയിട്ടുള്ള വനിതാ പൊലീസ് സ്റ്റേഷന്റെ ചുമതല വനിതാ പൊലീസ് സബ് ഇൻസ്പെക്ടർക്കായിരിക്കും. വനിതാ സീനിയർ സിവിൽ പൊലീസ് ഓഫീസർമാരും, വനിതാ സിവിൽ പൊലീസ് ഓഫീസർമാരുമായിരിക്കും ഇവരുടെ കീഴിൽ പ്രവർത്തിക്കുക. ഇന്ത്യയിലെതന്നെ ആദ്യത്തെ വനിതാ പൊലീസ് സ്റ്റേഷനാണ് 1973ൽ സ്ഥാപിതമായ കോഴിക്കോട് വനിതാ പൊലീസ് സ്റ്റേഷൻ.

### പൊലീസിന്റെ കർത്തവ്യങ്ങൾ

കേരള പൊലീസിന്റെ കർത്തവ്യങ്ങളെയും ചുമതലകളെയും കുറിച്ചെല്ലാം കേരള പൊലീസ് ആക്ടിൽ (2011ലേത്) സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. പൊലീസിന്റെ ചുമതലകൾ ഇവയാണ്:

ജനങ്ങൾക്കിടയിൽ പൊലീസ് കക്ഷിഭേദമൊന്നും കൂടാതെ നിയമം നടപ്പിലാക്കിയിരിക്കണം. എല്ലാവരുടെയും ജീവൻ, സ്വാതന്ത്ര്യം, സ്വത്ത്, മനുഷ്യാവകാശങ്ങൾ, അന്തസ്സ് എന്നിവ നിയമാനുസൃതം സംരക്ഷിച്ചിരിക്കണം. രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷിതത്വം കാത്തുസൂക്ഷിക്കുകയും തീവ്രവാദപ്രവർത്തനങ്ങൾ, വർഗീയ അക്രമം, ആഭ്യന്തരകലാപം മുതലായവയ്ക്കെതിരെ ജാഗ്രതയോടെ പ്രവർത്തിക്കുകയും ചെയ്യണം. പൊതുസുരക്ഷ ഉറപ്പാക്കുന്ന ക്രമീകരണങ്ങൾ പ്രോത്സാഹിപ്പിക്കുകയും കാത്തുസൂക്ഷിക്കുകയും പൊതുസമാധാനം നിലനിർത്തുകയും ചെയ്യണം. പൊതുജനങ്ങളെ അപായങ്ങളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കണം. റോഡുകൾ, റെയിൽവേ, പാലങ്ങൾ, സ്ഥാപനങ്ങൾ എന്നിവയടക്കമുള്ള എല്ലാ പൊതുസ്വത്തുക്കളും സംരക്ഷിക്കണം. നിയമപരമായുള്ള അധികാരങ്ങൾ പരമാവധി ഉപയോഗിച്ചു കുറ്റകൃത്യങ്ങൾ തടയുകയും, ക്രമേണ കുറച്ചുകൊണ്ടുവരികയും വേണം. കുറ്റകൃത്യങ്ങളെക്കുറിച്ച് നിയമാനുസരണ അന്വേഷണം നടത്തി കുറ്റവാളികളെ യഥാവിധിയുള്ള നിയമനടപടികൾക്ക് വിധേയമാക്കണം. എല്ലാ പൊതുസ്ഥലങ്ങളിലും ട്രാഫിക് നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യണം. കുറ്റകൃത്യങ്ങൾക്ക് ഇടയാക്കിയേക്കാവുന്ന തർക്കങ്ങളും സംഘർഷങ്ങളും ഒഴിവാക്കുന്നതിനും പരിഹരിക്കുന്നതിനും ശ്രമിക്കണം. പ്രകൃതിക്ഷോഭം മൂലമുള്ളതോ അല്ലാത്തതോ ആയ ദുരന്തമോ അത്യാഹിതമോ അപായമോ ഉണ്ടായെന്നാൽ അടിയന്തിരമായി ഇടപെടുകയും, ഇതിന്റെയൊക്കെ ഫലമായി ക്ലേശങ്ങൾ അനുഭവിക്കുന്ന ആളുകൾക്ക് ഉചിതമായ എല്ലാ സഹായങ്ങളും നൽകുകയും ചെയ്യണം. പൊലീസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും രാജ്യത്തിന്റെ സുരക്ഷയ്ക്കും സഹായകമായ വിവരങ്ങൾ സമാഹരിക്കുകയും പരിശോധിക്കുകയും ചെയ്യണം. കസ്റ്റഡിയിലെടുത്തിട്ടുള്ളവർക്ക് നിയമാനുസരണമുള്ള സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തണം. ക്ഷമതയുള്ള അധികാരസ്ഥാനങ്ങളുടെയും മേലുദ്യോഗസ്ഥരുടെയും നിയമാനുസൃതമായ എല്ലാ ഉത്തരവുകളും അനുസരിക്കുകയും നിയമാനുസൃതമായി നടപ്പിലാക്കുകയും ചെയ്യണം. പൊലീസ് സേനയുടെ ആന്തരിക അച്ചടക്കം പാലിക്കുകയും നിലനിർത്തുകയും ചെയ്യണം. ജനങ്ങൾക്കിടയിൽ പൊതുവെ സുരക്ഷിതത്വബോധം ഉറപ്പുവരുത്തണം. പൊതുസ്ഥലങ്ങളിലോ തെരുവുകളിലോ, നിസ്സഹായരായോ നിരാലംബരായോ കാണപ്പെടുന്നവരുടെ; പ്രത്യേകിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്നവരുടെയും ഭിന്നശേഷിയുള്ളവരുടെയും ചുമതല ഏറ്റെടുത്ത് അവരുടെ സുരക്ഷിതത്വം ഉറപ്പാക്കണം. തത്സമയം നിലവിലുള്ള നിയമത്താൽ ചുമതലപ്പെടുത്തപ്പെട്ടിരിക്കുന്ന കർത്തവ്യങ്ങൾ പാലിച്ചിരിക്കണം. ഗവൺമെന്റ് അതുകാലങ്ങളിൽ നിയമാനുസൃതം ഏൽപിച്ചുകൊടുക്കുന്ന മറ്റു ചുമതലകൾ നിർവഹിക്കണം. ■




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
04 November 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


## പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളും ഓൺലൈനിൽ ലഭ്യമായ മലയാളത്തിലെ ഏക പ്രസിദ്ധീകരണം

ഇപ്പോൾ
**Unicode, PDF, Flipbook, Kindle & Audio**
വേർഷനുകൾ ലഭ്യം

WISDOM
ISLAMIC ORGANIZATION




ഒറ്റ പ്രതി
₹12

വാർഷിക
വരിസംഖ്യ:
₹624

നേരിന്റെ വരമൊഴി
# നേർപഥം
വാരിക

II പ്രമാണങ്ങൾക്കൊപ്പം II ഗുണകാംക്ഷയുടെ ശബ്ദം
II നേരിന്റെ ആർജ്ജവം II വേറിട്ട വായനാനുഭവം

**പ്രചാരണ മാസം**
**2023 നവം: 10 - ഡിസം: 10**

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | Wisdom islamic organization
CV Complex | PV Swami Road | Chalappuram PO | Kozhikode | 673002 | Kerala | India
Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**